# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# തുറവൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**ആലപ്പുഴ-688001**

**ഇ-മെയിൽ: ddhglfalpy@gmail.com**
**ഫോൺ : 0477-2252753**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി.2 /1024/ 2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 30/12/2024
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തുറവൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി.2 /1024/ 2024 തീയ്യതി: 30/12/2024

# ആലപ്പുഴ ജില്ലയിലെ തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2023 മുതൽ 30-09-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ലിജിലാൽ ബി | ഡെപ്യൂട്ടി ഡയറക്ടർ | 04-11-2024 | 13-11-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-11-2024 | 13-11-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.എൻ.വിജയകുമാർ,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ.റോയ് റ്റി.എം,അസി.ഓ.ഓഫീസർ
ശ്രീമതി.ലേഖ പി.കെ,സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീ.ബിനു സുരേഷ്,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.മോളി രാജേന്ദ്രൻ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ലൈജുമോൻ രാജപ്പൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2023 | 13-08-2024 |
| ശ്രീമതി.സുജാത.കെ | സെക്രട്ടറി | 14-08-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.പാർവതി.എസ്.കുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 30-05-2023 |
| ശ്രീമതി.സിനി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 31-05-2023 | 14-07-2023 |
| ശ്രീ.സുരേശൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 15-07-2023 | 04-09-2023 |
| ശ്രീമതി.സിനി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 05-09-2023 | 31-12-2023 |
| ശ്രീമതി.പാർവതി.എസ്.കുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-01-2024 | 31-03-2024 |
| ഡോ.രഞ്ജിത് മോനായ് സി | മെഡിക്കൽ ഓഫീസർ , പി.എച്ച്.സി | 01-04-2023 | 31-03-2024 |
| ശ്രീമതി .ശാലിമോൾ.എം | ഐ.സി.ഡി.എസ് , സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ഡോ.ജാസ്മിൻ എം മുഹമ്മദ് | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2023 | 31-03-2024 |
| ശ്രീമതി .സജിത എസ് | വി.ഇ.ഒ (മനക്കോടം) | 01-04-2023 | 13-07-2023 |
| ശ്രീമതി.പ്രമീള.പി | വി.ഇ.ഒ (മനക്കോടം) | 14-07-2023 | 31-03-2024 |
| നിഷ ജോൺ | വി.ഇ.ഒ(തുറവൂർ) | 01-04-2023 | 31-03-2024 |
| പ്രമോദ് .യു.നായർ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2023 | 11-09-2023 |
| സൈറസ്.പി.എസ് | ഫിഷറീസ് ഇൻസ്പെക്ടർ | 12-09-2023 | 31-03-2024 |
| ലൈജുമോൻ രാജപ്പൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 01-09-2023 |
| വിൻസ്റ്റൺ ഡിസൂസ | അസിസ്റ്റന്റ് സെക്രട്ടറി | 02-09-2023 | 31-03-2024 |
| ഐശ്വര്യ.ജെ | അക്രഡിറ്റഡ് എൻജിനീയർ | 01-04-2023 | 31-03-2024 |
| മിത്ര.ബി.ഷേണായി | കൃഷി ഓഫീസർ | 01-04-2023 | 05-05-2023 |
| വേക്കന്റ് | കൃഷി ഓഫീസർ | 06-05-2023 | 16-08-2023 |
| ആര്യ.എം | കൃഷി ഓഫീസർ | 17-08-2023 | 31-03-2024 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | വസ്തു നികുതി ഡി.സി.ബി - വാർഷിക കണക്കിലെ രേഖപ്പെടുത്തലുകൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | യഥാസമയം ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-3 |
| 5 | പഞ്ചായത്ത് ഓഫീസ് സ്ഥിതിചെയ്യുന്ന വസ്തുവിന്റെ മൂല്യം ആസ്തിയായി ഉൾപ്പെടുത്തിയിട്ടില്ല. | 1-1-4 |
| 6 | വാട്ടർ ചാർജിനത്തിലുള്ള ബാധ്യത ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഫണ്ട് വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമ പദ്ധതികൾ | 1-7 |
| 13 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല | 1-10 |
| 16 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ | 1-11 |
| 17 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ - അപാകത | 1-12 |
| 18 | പെർമിറ്റ് ഇല്ലാതെയുള്ള അനധികൃത നിർമ്മാണം | 1-13 |
| 19 | ഇ-ടെണ്ടർ ഫീസ് അക്കൗണ്ട് - സർക്കാർ നിർദ്ദേശം പാലിക്കപ്പെട്ടില്ല | 1-14 |
| 20 | സാമൂഹ്യ സുരക്ഷ പെൻഷൻ - മരണപ്പെട്ടശേഷവും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകുന്നു | 1-15 |
| 21 | പൊതുടാപ്പുകളുടെ വെള്ളക്കര കുടിശ്ശിക - പഞ്ചായത്തിന് 39.33 ലക്ഷം രൂപയുടെ ബാധ്യത | 1-16 |
| 22 | സ്ത്രീകളുടെ മാനസിക ശാരീരികാരോഗ്യ പരിരക്ഷാപദ്ധതി -വികസനഫണ്ടിന്റെ ദുർവിനിയോഗം | 1-17 |
| 23 | ലാബിലേക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങിയതിന് ജി.എസ്.ടി. സോഴ്സ് ഡിഡക്ഷൻ നടത്തിയില്ല | 1-18 |
| 24 | വൈദ്യുതി ബോർഡ് മുഖേനയുള്ള നിക്ഷേപ പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-19 |
| 25 | സ്കൂളുകൾക്കായി വാങ്ങിയ വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചില്ല | 1-20 |
| 26 | വിൻഡോ മാതൃക ദർഘാസ് പരസ്യം - സർക്കാർ നിർദ്ദേശം ലംഘിച്ചത് അധികച്ചെലവിന് ഇടയാക്കി | 1-21 |
| 27 | വനിതാ ശിശു വികസന വകുപ്പിൽ നിന്നും അംഗൻവാടി നിർമ്മാണത്തിനായി ലഭിച്ച തുക വിനിയോഗിച്ചില്ല | 1-22 |
| 28 | മെൻസ്ട്രൽ കപ്പ് വിതരണം പൂർത്തിയായില്ല | 1-23 |
| 29 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി – നിർമ്മാണം | 1-24 |

| | | |
|---|---|---|
| | പൂർത്തിയാക്കിയില്ല | |
| 30 | ഓഡിറ്റ് ഇംപാക്ട് | 1-25 |
| 31 | സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ -നികുതികൾ ഈടാക്കിയിട്ടില്ല | 1-26 |
| 32 | സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ - ഒരേ ഇനം പ്രവൃത്തിയ്ക്കുള്ള ബോർഡിന് വ്യത്യസ്ത നിരക്കിൽ തുക അനുവദിച്ചതു മൂലം അധിക ചെലവ് | 1-27 |
| 33 | സർക്കാരിലേയ്ക്ക് ഒടുക്കുവാനായി ഈടാക്കിയ തുക നാളിതുവരെ ഒടുക്കിയില്ല | 1-28 |
| 34 | സ്രോതസ്സിൽ നിന്നും ജി.എസ്.ടി കുറവ് ചെയ്തില്ല | 1-29 |
| 35 | ലൈഫ് ഭവന നിർമ്മാണം - അഡ്വാൻസ് കൈപ്പറ്റിയിട്ടും നിർമ്മാണം ആരംഭിച്ചിട്ടില്ല | 1-30 |
| 36 | ശുചിത്വ പരിപാലനം ഹരിതകർമ്മ സേനയിലൂടെ | 1-31 |
| **ഭാഗം 2** | | |
| 1 | അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല. | 2-1 |
| **ഭാഗം 3** | | |
| 1 | സ്ത്രീകളുടെ മാനസിക ശാരീരികാരോഗ്യ പരിരക്ഷാപദ്ധതി -വികസനഫണ്ടിന്റെ ദുർവിനിയോഗം | 3-1 |
| 2 | സാമൂഹ്യ സുരക്ഷ പെൻഷൻ - മരണപ്പെട്ടശേഷവും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകുന്നു | 3-2 |
| 3 | ലാബിലേക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങിയതിന് ജി.എസ്.ടി സോഴ്സ് ഡിഡക്ഷൻ നടത്തിയില്ല | 3-3 |
| 4 | സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ - ഒരേ ഇനം പ്രവൃത്തിയ്ക്കുള്ള ബോർഡിന് വ്യത്യസ്ത നിരക്കിൽ തുക അനുവദിച്ചതു മൂലം അധിക ചെലവ്. | 3-4 |
| 5 | സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ -നികുതികൾ ഈടാക്കിയിട്ടില്ല. | 3-5 |
| 6 | സ്രോതസ്സിൽ നിന്നും ജി.എസ്.ടി കുറവ് ചെയ്തില്ല | 3-6 |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 12.06.2024-ലെ 1-ാം നമ്പർ കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 03.07.2024 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തുറവൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി തുറവൂർ ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ്, അക്കൗണ്ടിംഗ് കുറിപ്പുകൾ എന്നിവ

വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-2 വസ്തു നികുതി ഡി.സി.ബി - വാർഷിക കണക്കിലെ രേഖപ്പെടുത്തലുകൾ സഞ്ചയ സോഫ്റ്റ്‍വെയറിൽ നിന്നുള്ള വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല**

വാർഷിക കണക്കിൽ ചേർത്തിട്ടുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ്‍വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

**1-1-3 യഥാസമയം ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല**

വസ്തു നികുതി, വാടക, ലൈസൻസ്, കച്ചവടക്കാരുടെ തൊഴിൽ നികുതി തുടങ്ങി അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രി വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും രേഖപ്പെടുത്തിയിട്ടില്ല. വർഷാവസാനം മാത്രമാണ് ഇതുസംബന്ധിച്ച രേഖപ്പെടുത്തൽ നടത്തുന്നത്.

**1-1-4 പഞ്ചായത്ത് ഓഫീസ് സ്ഥിതിചെയ്യുന്ന വസ്തുവിന്റെ മൂല്യം ആസ്തിയായി ഉൾപ്പെടുത്തിയിട്ടില്ല.**

പഞ്ചായത്ത് ഓഫീസ് സ്ഥിതിചെയ്യുന്ന വസ്തുവിന്റെ (സ്ഥലം) മൂല്യം 415120001-Local Self Government Institution Officer Building- Land എന്ന ശീർഷകത്തിൽ ആസ്തിയായി ഉൾപ്പെടുത്തിയിട്ടില്ല.

**1-1-5 വാട്ടർ ചാർജിനത്തിലുള്ള ബാധ്യത ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല**

പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ വാട്ടർ അതോറിറ്റിയിൽ ഒടുക്കുവാനുള്ള വർഷാവസാന ബാധ്യതാ തുക ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

**1-2 ബജറ്റ്**

2023-24 ലെ ബജറ്റ് 13.3.2023 ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 8.02.2024ലെ 4(1)-ാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 344142000 | 350202010 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെന്റിച്ചർ പത്രിക പ്രകാരം) | 221651748 | 228492924 |

**1-3 സാമ്പത്തിക വിശകലനം**

| | |
|---|---|
| മുന്നിരിപ്പ് | 46264427 |
| വരവ് | 58410784 |
| ആകെ | 104675211 |
| ചെലവ് | 46441475 |
| നീക്കിയിരിപ്പ് | 58233736 |

**1-4 ഫണ്ട് വിനിയോഗം**

| | മുന്നിരിപ്പ് | സോഴ്സിൽ പിടിച്ചത് | അലോട്ട്മെന്റ് വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 4299698 | 22985302 | 27285000 | 20236108 | 7048892 (ലാപ്സായി) |
| വികസനഫണ്ട് (എസ്.സി.പി) | 0 | 478981 | 8419019 | 8898000 | 7076481 | 1821519 (ലാപ്സായി) |
| മെയിന്റനൻസ് ഫണ്ട് -റോഡ് | 0 | 0 | 10102150 | 10102150 | 7864278 | 2237872 (ലാപ്സായി) |
| മെയിന്റനൻസ് ഫണ്ട് -നോൺ റോഡ് | 0 | 0 | 3490000 | 3490000 | 3488750 | 1250 (ലാപ്സായി) |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ് | 2319988 | 0 | 3388500 | 5708488 | 1992619 | 3715869 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് | 170150 | 0 | 4600061 | 4770211 | 2240793 | 2529418 |

തൻവർഷം ലഭിച്ച പദ്ധതി വിഹിതത്തിന്റെ വിനിയോഗം പരിശോധിച്ചതിൽ, വിവിധ ഫണ്ടിനങ്ങളിലായി 11109533/- ലാപ്സായിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന തുക പൂർണ്ണമായി ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | പൂർത്തിയാക്കിയത് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 182 | 147461143 | 68636844 | 65 | 64 | 53 | 35.16 |

തൻവർഷം അംഗീകാരം ലഭിച്ച 182 പ്രോജക്ടുകളിൽ 65 എണ്ണം മാത്രമാണ് പൂർണ്ണമായി നടപ്പാക്കിയിട്ടുള്ളത്. 53 പ്രോജക്ടുകൾ ഉപേക്ഷിക്കുകയും 64 എണ്ണം ഭാഗികമായി മാത്രം നടപ്പിലാക്കുകയും ചെയ്തതിൽ നിന്നും ആസൂത്രണം ചെയ്യുന്ന പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ പാളിച്ചയുണ്ടാകുന്നുവെന്ന് വ്യക്തമാണ്. ഓരോ വർഷവും ലഭിക്കുന്ന പദ്ധതിപ്പണം വിനിയോഗിച്ച് കൂടുതൽ പ്രോജക്ടുകൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1083154 | 2480200 | 3563354 | 3498735 | 64619 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 99517536 | 99517536 | 99517536 | 0 |
| Capital Contribution | | 1662729 | 1662729 | 1662729 | |

| | | | | | |
|---|---|---|---|---|---|
| ആകെ | 1083154 | 103660465 | 104743619 | 104679000 | 64619 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 5206600 | 418 |
| വിധവാ പെൻഷൻ | 9078900 | 894 |
| വാർദ്ധക്യകാല പെൻഷൻ | 23880900 | 2916 |
| വികലാംഗ പെൻഷൻ | 3982700 | 378 |
| അവിവാഹിത പെൻഷൻ | 1398200 | 125 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.11.2024 തീയതിയിൽ 03:50 PM ന് പഞ്ചായത്ത് അധികൃതരുടെ സാന്നിദ്ധ്യത്തിൽ നടത്തി. പരിശോധനയിൽ 4193/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. ഇലക്ട്രോണിക് ഉപകരണങ്ങളുടേയും, മറ്റ് സാമഗ്രികളുടേയും സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി വാർഷിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

3. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

4. മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽസ് വിതരണം നടത്തുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത നികുതികൾ ഈടാക്കുന്നില്ല.
5) തൻവർഷം അംഗീകാരം ലഭിച്ച 182 പ്രോജക്ടുകളിൽ 65 എണ്ണം മാത്രമാണ് പൂർണ്ണമായി നടപ്പാക്കിയിട്ടുള്ളത്. 53 പ്രോജക്ടുകൾ ഉപേക്ഷിക്കുകയും 64 എണ്ണം ഭാഗികമായി മാത്രം നടപ്പിലാക്കുകയും ചെയ്തതിൽ നിന്നും ആസൂത്രണം ചെയ്യുന്ന പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ വീഴ്ചയുണ്ടാകുന്നുവെന്ന് വ്യക്തമാണ്.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204, 205 വകുപ്പുകൾ അവയുടെ കീഴിൽ ഉണ്ടാക്കിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ്

നടത്തുന്നവരോ തൊഴിലിൽ ഏർപ്പെടുന്നവരോ ആയ ഏതൊരു സ്ഥാപനവും/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. തുറവൂർ ഗ്രാമപഞ്ചായത്തിലെ 2023-24 സാമ്പത്തിക വർഷത്തെ സ്ഥാപനങ്ങളുടെയും ജീവനക്കാരുടേയും തൊഴിൽ നികുതി പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയതിനാൽ പഞ്ചായത്തിനു വരവിനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം, | ജീവനക്കാരന്റെ പേര് | സ്ഥാപനം | നികുതി ഒടുക്കേണ്ട അർദ്ധ വർഷം | അർദ്ധ വാർഷിക വരുമാനം | ഈടാ ക്കേണ്ട നികുതി | ഈടാ ക്കിയ നികുതി | ബിൽ നം./ തീയതി | നഷ്ടം |
|---|---|---|---|---|---|---|---|---|
| 1 | സുബി.സി. എബ്രഹാം | എസ്.എൻ. ജി.എം. കാറ്ററിംഗ് കോളേജ് | I | 127252 | 1250 | 1000 | 1230101049/ 26.09.2023 | 250 |
| 2 | വിധു | ചേർത്തല ഹെഡ് പോസ്റ്റ് ഓഫീസ് | I | 102240 | 1000 | 600 | 1230100868/ 25.08.2024 | 400 |
| ആകെ | | | | | | | | 650 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി നികുതി ഈടാക്കാത്തതിനു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (7/8.11.2024) ജീവനക്കാരുടെ കുറവ് വന്ന തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഒടുക്കാതിരുന്നതിനാൽ നഷ്ട തുകയായ 650/- രൂപ ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

## 1-11 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205, 1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ, സ്വകാര്യമായ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. പഞ്ചായത്തിലെ 2023-24 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും വരുമാന പത്രികകളും എഗ്രിമെന്റ് രജിസ്റ്ററും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(1) ഗ്രാമപഞ്ചായത്തിലെ ഒന്നിലധികം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു

നടത്തിയിട്ടുള്ള താഴെപ്പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കരാറുകാരുടെ പേര് ചുവടെ ചേർക്കുന്നു.

1) ടി.ജെ.ജോബ്

2) അനിൽ കുമാർ.പി.ജി

3) സോണി ജോസഫ്

4) ഭാർഗവൻ.കെ

5) സുനിൽ കുമാർ.പി.എസ്

6) ജയരാജ്.ജെ

7) ആന്റണി മീനു പോൾ

8) കൃഷ്ണ കുമാർ

9) ശശികുമാർ.കെ.കെ

10) ശ്രീഗോവിന്ദ്

(2) പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ I&II അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ രസീതിന്റെ പകർപ്പ് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കരാറുകാരിൽ നിന്നും റേഷൻ കടകളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിനും (11/11.11.2024), നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുകയും തുക ഈടാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും മറുപടിയിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. 1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം ടി കരാറുകാരുടെ ടേണോവറിന്റെ അടിസ്ഥാനത്തിൽ ആകണം തൊഴിൽ നികുതി നിശ്ചയിക്കേണ്ടത്. കരാറുകാരിൽ നിന്നും റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(3) അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലെ ക്ലർക്കായ അനു.എ.ജെ.യുടെ രണ്ടാംവർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (27/13.11.2024) മറുപടി ലഭ്യമല്ല. മേൽ സ്ഥാപനത്തിലെ ജീവനക്കാരിയുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട് (രസീത് നം. 1230102776, തീയതി 14.03.2024). പ്രസ്തുത തീയതിയിലെ ഡേ ബുക്കിൽ രജിസ്റ്റർ പ്രകാരമുള്ള രസീത് നമ്പറിൽ ഇടപാടുകൾ നടന്നിട്ടില്ല. ആയതിനാൽ ഓഡിറ്റിന് തൊഴിൽ നികുതിയുടെ കൃത്യത കണക്കാക്കാൻ സാധിക്കുന്നില്ല.
ഈടാക്കാനവശേഷിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ അർധവാർഷിക വരുമാനത്തിന്റെ വിവരങ്ങൾ ലഭ്യമാക്കി, അതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി നിശ്ചയിച്ച് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ - അപാകത**

തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

കേരളാ പഞ്ചായത്ത് രാജ് ആക്ട്- 232 വകുപ്പിന്റെ 31-10-2017 ലെ ഭേദഗതി ചട്ടങ്ങളിലെ ചട്ടം 7 പട്ടിക II പ്രകാരം ലൈസൻസ് ഫീ ഇനത്തിൽ ഈടാക്കാവുന്ന പരമാവധി ഫീസ് നിജപ്പെടുത്തിയിട്ടുണ്ട്. ഇതിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ്

എന്റർപ്രൈസസ് എന്നിവയിൽ നിന്നും ഈടാക്കാവുന്ന ഫീസ് നിരക്ക് തദ്ദേശ സ്ഥാപനങ്ങൾക്ക് നിശ്ചയിക്കാവുന്നതാണ്. ഇപ്രകാരം ഗ്രാമ പഞ്ചായത്ത് നിരക്ക് നിശ്ചയിച്ചിട്ടുള്ളതായി കാണുന്നില്ല. പല സ്ഥാപനങ്ങളിൽ നിന്നും പട്ടിക നിരക്കിൽ നിന്ന് വിഭിന്നമായി ഫീസ് ഈടാക്കിയതായി കാണുന്നു. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അപേക്ഷകന്റെ പേര് | രസീത് നം./ തീയതി | ഈടാക്കിയ തുക |
|---|---|---|---|---|
| 1 | കൈരളി ഫുഡ്സ് | മൈക്കിൾ | 1220104121/ 31.03.2023 | 3000 |
| 2 | പ്രീമിയർ മറൈൻ എക്സ്പോർട്സ് | കെ.എം.അബ്ദുള്ള | 1220103822/ 17.03.2023 | 2000 |

മേൽ പരാമർശിച്ച അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം:6/08.11.2024) ഇനി വരുന്ന ദിവസങ്ങളിൽ ലൈസൻസ് അപേക്ഷയിൽ മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് നിർദ്ദേശം അപേക്ഷകർക്ക് നൽകി ഫീസ് ഈടാക്കാൻ ശ്രദ്ധിക്കുന്നതാണെന്നും അപേക്ഷകളിൽ പൂർണ്ണമായ വിവരം രേഖപ്പെടുത്തി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ നിരക്ക് നിശ്ചയിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ചട്ടത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായി മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് സംരംഭങ്ങൾക്ക് ഫീ നിരക്ക് പട്ടികയിൽ പറയുന്ന നിരക്കിൽ അധികമാകാതെ പഞ്ചായത്തിന് നിശ്ചയിച്ച് സർക്കാരിന്റെ അംഗീകാരം വാങ്ങേണ്ടതും മുഴുവൻ സംരംഭങ്ങൾക്കും പ്രസ്തുത നിരക്ക് ബാധകമാക്കേണ്ടതുമാണ്.

**1-13 പെർമിറ്റ് ഇല്ലാതെയുള്ള അനധികൃത നിർമ്മാണം**

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം പഞ്ചായത്തിന്റെ കെട്ടിട നിർമ്മാണ അനുമതിയില്ലാതെ ഏതൊരു വ്യക്തിയും കെട്ടിടം നിർമ്മിക്കുകയോ പുനർ നിർമ്മിക്കുകയോ വിപുലീകരിക്കുകയോ മാറ്റം വരുത്തുകയോ ചെയ്യാൻ പാടില്ലാത്തതാണ്. പഞ്ചായത്തിന്റെ അറിവോടുകൂടിയല്ലാത്ത കെട്ടിടങ്ങളുടെ നിർമ്മാണം യഥാസമയം കണ്ടെത്തി നടപടിയെടുക്കുകയെന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. സെക്രട്ടറിയുടെ അംഗീകാരം ഇല്ലാതെയോ അംഗീകാരമുള്ള പ്ലാനിൽ നിന്നും വ്യതിചലിച്ചോ കെട്ടിടം നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ മാറ്റം വരുത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള നിർമ്മാണമോ പുനർ നിർമ്മാണമോ കേരള പഞ്ചായത്ത് രാജ് നിയമത്തിനോ നിയമത്തിന് കീഴിലുള്ള ചട്ടങ്ങളിലോ പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങളോ നിർദ്ദേശങ്ങളോ ലംഘിക്കുന്നതല്ലെങ്കിൽ സെക്രട്ടറിക്ക് സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരമുള്ള അപേക്ഷാ ഫീസും രാജിയാക്കൽ ഫീസും ഈടാക്കിക്കൊണ്ട് നിർമ്മിതികളെ ക്രമവൽക്കരിക്കാവുന്നതാണ്. 2019 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ സംശയ നിവാരണത്തിനായി നഗരഗ്രാമാസൂത്രണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ തദ്ദേശ സ്വയംഭരണ പ്ലാനിങ് വിഭാഗം പുറത്തിറക്കിയ കൈപുസ്തകത്തിലെ ഖണ്ഡിക 1.37 ൽ (പേജ്-16) ടർഫുകളുടെ നിർമ്മാണത്തിനും പഞ്ചായത്തിന്റെ നിർമ്മാണാനുമതി/പെർമിറ്റ് ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

സഞ്ചയ പ്രകാരം പഞ്ചായത്തിന്റെ 5-ാം വാർഡിലെ 505-ാം നമ്പർ അസംബ്ലി കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണം 420 ച.മീ മാത്രമാണ്. നിലവിൽ അസംബ്ലി കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ മാറ്റം വരുത്തി ടർഫായി പ്രവർത്തനം ആരംഭിക്കുകയും അധിക നിർമ്മിതി നടത്തുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ്

ആവശ്യപ്പെട്ടതനുസരിച്ച് (ഓഡിറ്റ് അന്വേഷണം നം. 08/11.11.2024) പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗം ഭൗതിക പരിശോധന നടത്തി ലഭ്യമാക്കിയ രേഖകൾ പ്രകാരം ടി ടർഫിന് 486 ച:മീറ്റർ തറവിസ്തീർണ്ണവും ടർഫിന്റെ ഓഫീസ് കെട്ടിടത്തിന് 30.88 ച:മീറ്റർ തറവിസ്തീർണ്ണവും ഇത് കൂടാതെ മറ്റൊരു ഓഫീസ് കെട്ടിടത്തിന് 18.28 ച:മീറ്റർ തറവിസ്തീർണ്ണം ഉണ്ടെന്നും റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ഇത് പ്രകാരം ഒട്ടാകെ 535.16 ച.മീ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന് 115.16 ച.മീ അധിക നിർമ്മിതി നടത്തിയിട്ടുണ്ട് . എന്നാൽ പഞ്ചായത്തിന്റെ അനുമതിയില്ലാതെയാണ് (പെർമിറ്റ്) ഈ അധിക നിർമ്മിതി നടത്തിയിട്ടുള്ളത്. കൂടാതെ ഉപയോഗക്രമത്തിനനുസൃതമായി വസ്തു നികുതി പുനർ നിർണ്ണയിച്ചിട്ടുമില്ല. പെർമ്മിറ്റ് എടുക്കാതെ നടത്തിയ അധിക നിർമ്മിതിക്ക് നിലവിലുള്ള ചട്ടങ്ങൾ പ്രകാരം അപേക്ഷാ ഫീസും രാജിയാക്കൽ ഫീസും ഈടാക്കി നിർമ്മിതികളെ ക്രമവൽക്കരിച്ച് രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 ഇ-ടെണ്ടർ ഫീസ് അക്കൗണ്ട് - സർക്കാർ നിർദ്ദേശം പാലിക്കപ്പെട്ടില്ല

ത.സ്വ.ഭ.വ. ചീഫ് എഞ്ചിനീയറുടെ 17.8.17 ലെ ഡിബി1/7942/2010/സി ഇ/ത.സ്വ.ഭ.വ. നമ്പർ സർക്കുലറിൽ നിലവിൽ ഇ - ടെണ്ടറിന്റെ ആവശ്യത്തിനായി അക്കൗണ്ടില്ലാത്ത എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വകുപ്പ് മേധാവികളും (ഗ്രാമ പഞ്ചായത്തുകളും, ബ്ലോക്ക് പഞ്ചായത്തുകളും) എസ്.ബി.ഐ ശാഖയിൽ ഔദ്യോഗിക മേൽ വിലാസത്തിൽ ഒരു കറന്റ് അക്കൗണ്ട് തുടങ്ങേണ്ടതാണെന്നും, നിലവിൽ എസ്.ബി.ഐ ശാഖയിൽ കറന്റ് അക്കൗണ്ട് ഉള്ളപക്ഷം ആയത് ഇതിനുവേണ്ടി ഉപയോഗിക്കാവുന്നതാണെന്നും, എന്നാൽ പ്രസ്തുത ബാങ്ക് അക്കൗണ്ട് ഈ ആവശ്യത്തിനല്ലാതെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ലായെന്നും വ്യക്തമാക്കിയിരുന്നു. ഗ്രാമ പഞ്ചായത്തിൽ ടി ആവശ്യത്തിനായി അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ തുറവൂർ ശാഖയിൽ 25.7.2019 ൽ ഒരു കറന്റ് *അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിലും, ഓഡിറ്റ് കാലയളവിലും പ്രസ്തുത അക്കൗണ്ട് ഇ ടെണ്ടർ സൈറ്റുമായി മാപ്പ് ചെയ്ത് ഉപയോഗപ്രദമാക്കിയിട്ടില്ല.*

നിലവിൽ ഇടെണ്ടർ ഫീ ഇനത്തിലുള്ള തുക അക്കൗണ്ട് ചെയ്യപ്പെട്ടിട്ടുള്ളത് എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ്. എന്നാൽ ടി അക്കൗണ്ടിലേയ്ക്ക് നാളിതുവരെ ക്രെഡിറ്റ് ചെയ്യപ്പെട്ട തുകയുടെ വിവരം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ടെണ്ടർ ഫീ ഇനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്ക് നൽകിയ തുക പ്രതിമാസ/പ്രതിവർഷ കളക്ഷൻ റിപ്പോർട്ടുമായി പരിശോധിച്ച് ഉറപ്പാക്കേണ്ടതും, തിരികെ ലഭിക്കുവാൻ ശേഷിക്കുന്ന തുക കൃത്യമായി കണക്കാക്കി ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അപാകതകൾക്ക് കാരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3/6.11.24) അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ (2024-25 സാമ്പത്തിക വർഷത്തിൽ) പ്രസ്തുത അക്കൗണ്ട് മാപ്പ് ചെയ്തിട്ടുണ്ടെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ലഭിക്കേണ്ട തുക കണക്കാക്കി തിരികെ വാങ്ങുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത അക്കൗണ്ട് സർക്കാർ നിർദ്ദേശാനുസരണം ഉപയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 സാമൂഹ്യ സുരക്ഷ പെൻഷൻ - മരണപ്പെട്ടശേഷവും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകുന്നു

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ SFCB1/71/2017 പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ചു നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ചു നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.

എന്നാൽ തുറവൂർ ഗ്രാമ പഞ്ചായത്തിലെ 2023-24 കാലയളവിലെ സാമൂഹ്യ സുരക്ഷാ പെൻഷന്റെ ആക്ടീവ് പെൻഷണേഴ്സ് പട്ടികയും മരണ രജിസ്ട്രേഷൻ റിപ്പോർട്ടും തമ്മിൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(1) ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ നൽകിയതുമായി ബന്ധപ്പെട്ട പരിശോധനയിൽ മരണപ്പെട്ട പെൻഷണറുടെ അക്കൗണ്ട് സേവനയിൽ സസ്പെന്റ് ചെയ്തിട്ടില്ല. നിലവിൽ അക്കൗണ്ട് സ്റ്റാറ്റസ് ആക്ടീവായിട്ടാണ് കാണുന്നുത്. സസ്പെന്റ് ചെയ്യാത്ത അക്കൗണ്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | മരണം രജിസ്റ്റർ ചെയ്ത തീയതി |
|---|---|---|---|---|
| 1 | സന്താനവസ്ത്യൻ | 104340201200 | 08/09/2024 | 30/09/2024 |
| 2 | ജോസഫ് | 104340202194 | 22/05/2023 | 04/11/2023 |
| 3 | സുമ മണിയൻ | 104340202548 | 26/07/2024 | 27/08/2024 |
| 4 | സദാനന്ദൻ | 104340202701 | 08/09/2024 | 23/10/2024 |
| 5 | സുരേന്ദ്രൻ | 104340203267 | 11/12/2023 | 08/01/2024 |

(2) മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യാതെ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | മരണം രജിസ്റ്റർ ചെയ്ത തീയതി | അനർഹമായ കാല യളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|---|
| 1 | സുരേന്ദ്രൻ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104340203267 | 11/12/2023 | 08/01/2024 | ജനുവരി 2024 മുതൽ മാർച്ച് 2024 വരെ (3 മാസം) | 4800 (1600x3) |
| 2 | ജോസഫ് | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104340202194 | 22/05/2023 | 04/11/2023 | ജൂൺ 2023 മുതൽ മെയ് 2024 വരെ (12 മാസം) | 19200 (1600x12) |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| ആകെ | | | | | | | 24000 |

മേൽ അപാകതയുടെ കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (19/11.11.24) മറുപടി ലഭ്യമാക്കിയില്ല. മുകളിൽ സൂചിപ്പിച്ചിരിക്കുന്നവരുടെ അനർഹമായ കാലയളവിലേക്ക് നൽകിയ പെൻഷൻ തുകയായ 24000/-രൂപ അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം ആയത് സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

**1-16 പൊതുടാപ്പുകളുടെ വെള്ളക്കര കുടിശ്ശിക - പഞ്ചായത്തിന് 39.33 ലക്ഷം രൂപയുടെ ബാധ്യത**

തുറവൂർ ഗ്രാമ പഞ്ചായത്തിലെ പൊതുടാപ്പുകളുടെ വാട്ടർ ചാർജ് ഓരോ മാസവും കൃത്യമായി ഒടുക്കിയിരുന്നതിനാൽ ഈയിനത്തിൽ 03/2022 വരെ കുടിശ്ശിക ഉണ്ടായിരുന്നില്ല. പഞ്ചായത്ത് നടപ്പാക്കിയിരുന്ന ഗാർഹിക കുടിവെള്ള കണക്ഷൻ പദ്ധതി, ജലജീവൻ മിഷൻ പദ്ധതി എന്നിവ പ്രകാരം എല്ലാ വാർഡുകളിലേയും വീടുകളിൽ ഗാർഹിക കുടിവെള്ള കണക്ഷൻ ലഭിച്ച സാഹചര്യത്തിൽ ഉപയോഗിക്കാത്ത പൊതുടാപ്പുകൾ വിച്ഛേദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് 14/01/22, 21/04/22, 23/05/22, 18/06/22 തീയതികളിൽ വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകിയെങ്കിലും തുടർനടപടി സ്വീകരിക്കാതിരുന്നതിനെ തുടർന്ന് 2022 ഏപ്രിൽ മാസം മുതൽ പ്രതിമാസ വെള്ളക്കരം അടവാക്കുന്നത് നിർത്തിവെച്ചു. ഇതേതുടർന്ന് 04/22 മുതൽ 12/22 വരെയുള്ള വെള്ളക്കര കുടിശ്ശിക 2022 ഡിസംബർ മാസത്തെ ഡിമാന്റ് നോട്ടീസ് (നം.69331 തീയതി.07.12.2022) പ്രകാരം 1475558/-രൂപയായി. കേരള വാട്ടർ അതോറിറ്റി ആലപ്പുഴ പി.എച്ച് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറിംഗ് ഓഫീസിൽ നിന്നുള്ള 24.01.2023-ലെ KWA/PHC/ALP/A2/69/2013 Vol.IV നമ്പർ കത്ത് പ്രകാരം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി പലിശയിൽ ഇളവ് നല്കി കുടിശ്ശിക തുക 1419442/-രൂപയായി ക്രമീകരിച്ച് നൽകിയതിനെ തുടർന്ന് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ടി തുക 03/2023-ൽ വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. ആകെ 314 പൊതുടാപ്പുകളുടെ 9 മാസത്തെ വെള്ളക്കരമിനത്തിൽ ഗ്രാമ പഞ്ചായത്തിന്റെ ബാധ്യത 1363077/-രൂപ മാത്രമാണ് (പ്രതിമാസം 151453/-രൂപ). ബാക്കി വരുന്ന 56365/-രൂപ (1419442-1363077) ഫൈൻ ഇനത്തിലുള്ളതാണ്.

ഉപയോഗിക്കാത്ത പൊതു ടാപ്പുകൾ വിച്ഛേദിക്കുന്നതിന് വാട്ടർ അതോറിറ്റിയിൽ നിന്നും സമയബന്ധിതമായി എസ്റ്റിമേറ്റ് ലഭ്യമാക്കി തുക ഒടുക്കുന്നതിന് പകരം ഉപയോഗിക്കാത്ത ടാപ്പുകളുടെ വെള്ളക്കരം ഒടുക്കേണ്ടതില്ലായെന്ന നിലപാട് പഞ്ചായത്ത് സ്വീകരിക്കുകയും 01/2023 മുതൽ വീണ്ടും വെള്ളക്കരം ഒടുക്കാതിരിക്കുകയും ചെയ്തു. 04/22 മുതൽ 12/22 വരെയുള്ള വെള്ളക്കര കുടിശ്ശിക ഒടുക്കാതിരുന്നതിനെ തുടർന്ന് ഫൈൻ അടയ്ക്കേണ്ടി വന്ന സാഹചര്യത്തിൽ 01/2023 മുതൽ വീണ്ടും വെള്ളക്കരം കുടിശ്ശിക വരുത്തിയത് ശരിയായ നടപടിയല്ല. തുടർന്ന് ഉപയോഗിക്കാത്ത 311 പൊതുടാപ്പുകൾ വിച്ഛേദിക്കുന്നതിനായി 02/23ൽ വാട്ടർ അതോറിറ്റിയിൽ നിന്നും എസ്റ്റിമേറ്റ് ലഭ്യമാക്കുകയും S0229/2023 നമ്പർ പ്രോജക്ട് പ്രകാരം 14.03.2023ൽ 130900 രൂപ ഒടുക്കുകയും ചെയ്തു. ഈ പ്രോജക്ടിനായി പഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി ഒപ്പുവെച്ച എഗ്രിമെന്റ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. എന്നിരുന്നാലും തുക ഒടുക്കി പരമാവധി ആറ് മാസത്തിനുള്ളിൽ (10/2023നകം) ഡിസ്കണക്ഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. എന്നാൽ ഉപയോഗിക്കാത്ത പൊതുടാപ്പുകൾ 07/2023 മുതൽ വിച്ഛേദിച്ച് തുടങ്ങിയെങ്കിലും 01/24-ൽ മാത്രമാണ് പൂർത്തിയാക്കിയത്. അതായത് 07/23ൽ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം 286 ആയും 08/23-ൽ 218 ആയും 09/23ൽ 161

ആയും 10/23-ൽ 96 ആയും 11/23-ൽ 39 ആയും 12/23-ൽ 6 ആയും 01/24-ൽ 3 ആയും കുറവ് ചെയ്തു. നിലവിൽ 3 ടാപ്പുകൾക്കാണ് വെള്ളക്കരം ചുമത്തുന്നത്. വാട്ടർ അതോറിറ്റി സമയബന്ധിതമായി ഡിസ്കണക്ഷൻ നടപടികൾ പൂർത്തീകരിച്ചിരുന്നുവെങ്കിൽ 10/2023 മുതൽ മൂന്ന് ടാപ്പുകളുടെ വെള്ളക്കര ബാധ്യത മാത്രമേ പഞ്ചായത്തിന് വരുമായിരുന്നുള്ളു.

01/23 മുതൽ വെള്ളക്കരം ഒടുക്കാതിരുന്നതിനാലും വെള്ളക്കരം മൂന്നിരട്ടിയായി വർദ്ധിപ്പിച്ചതിനാലും വാട്ടർ അതോറിറ്റി സമയബന്ധിതമായി ഡിസ്കണക്ഷൻ നടപടികൾ പൂർത്തീകരിക്കാതിരുന്നതിനാലും 09/2024ലെ ഡിമാന്റ് നോട്ടീസ് പ്രകാരം വെള്ളക്കര കുടിശ്ശിക 39,33,748 രൂപയിൽ എത്തിനിൽക്കുന്നു. സർക്കാർ തലത്തിൽ ഇടപെടൽ നടത്തി വെള്ളക്കര ബാധ്യത ലഘൂകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 സ്ത്രീകളുടെ മാനസിക ശാരീരികാരോഗ്യ പരിരക്ഷാപദ്ധതി -വികസനഫണ്ടിന്റെ ദുർവിനിയോഗം

പ്രോജക്റ്റ് നമ്പർ – S0183/24

അടങ്കൽ - 435000/-വികസനഫണ്ട് ജനറൽ

ചെലവ് - 435000/-

ബിൽ നം 1) -23060652014000635530/09.10.2023-13600/-

2)230606520140001269838/24.2.2024-43200/-

3)230606520140001396666/18.3.2024-71786/-

നിർവ്വഹണം – മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

ആരോഗ്യപരിശോധനകൾ, വിവിധ ബോധവത്ക്കരണ/പരിശീലന ക്ലാസുകൾ, യോഗപരിശീലനം എന്നിവയിലൂടെ തുറവൂർ ഗ്രാമ പഞ്ചായത്തിലെ 18 നും 50 നും ഇടയിലുള്ള സ്ത്രീകളുടെ ശാരീരികമാനസികാരോഗ്യ പരിരക്ഷ എന്നതായിരുന്നു പ്രോജക്ട് ലക്ഷ്യം. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകളുണ്ട്.

1) നീതിലാബ്, തൈക്കാട്ടുശേരി നടത്തിയ മെഡിക്കൽ ചെക്കപ്പിന് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നം. 275 ന്റെ അക്കൗണ്ടിലേക്ക് ബിൽ ക്രമ നം.(1) പ്രകാരം 13600/- രൂപ നല്കിയിട്ടുണ്ട്. പി.എച്ച്.സി യിലെ 17 ജീവനക്കാരുടെ" Anti Hbs Antibody/antiHepatitis B Antibody" ടെസ്റ്റ് 27.9.2023-ന് നടത്തിയതിനാണ് 800 രൂപ പ്രകാരം 13600/- രൂപ നല്കിയിരിക്കുന്നത്. പദ്ധതി ഗുണഭോക്താക്കളല്ലാത്തവർക്കായി തുക വിനിയോഗിച്ചത് അംഗീകരിക്കാവുന്നതല്ല. 13600/- രൂപ തിരികെ ഒടുക്കി അറിയിക്കേണ്ടതാണ്.

2) ബിൽ ക്രമ നം.(2) പ്രകാരം 43200/-പിൻവലിച്ചതിൽ 40800/- രൂപ 60 പേരുടെ ക്രിയാറ്റിൻ, ഷുഗർ എന്നിവ 17.2.2024-ന് നീതി ലാബ് തൈക്കാട്ടുശ്ശേരി ടെസ്റ്റ് ചെയ്തതിന് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്(ലിമിറ്റഡ് നം.275) ന് നല്കിയിട്ടുണ്ട്. എന്നാൽ ഇവർ ഹാജരാക്കിയ ഇൻവോയിസ് പ്രകാരം താഴെകൊടുത്തിരിക്കുന്നവർ പുരുഷൻമാർ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം. | ഇൻവോയിസ് നം. | പേര് | നല്കിയ തുക |
|---|---|---|---|
| 1 | 17129 | ജോൺസൺ 48yr/M | 680 |
| 2 | 17151 | അരുൺകുമാർ 46yr/M | 680 |
| 3 | 17155 | വിൻസ്റ്റൺ 49yr/M | 680 |

| | | | |
|---|---|---|---|
| 4 | 17162 | അനിതകുമാർ 54yr/M | 680 |
| 5 | 17169 | സുരേന്ദ്രൻ 69yr/M | 680 |
| 6 | 17164 | ജിനീഷ് 39yr/M | 680 |
| ആകെ | | | 4080/- |

ഈ പദ്ധതിയിൽ സ്ത്രീകളെയാണ് ഗുണഭോക്താക്കളായി തിരഞ്ഞെടുത്തിരിക്കുന്നതെന്നതിനാൽ പദ്ധതി ഗുണഭോക്താക്കളല്ലാത്തവർക്കായി തുക വിനിയോഗിച്ചത് അംഗീകരിക്കാവുന്നതല്ല. 4080/- രൂപ തിരികെ ഒടുക്കി അറിയിക്കേണ്ടതാണ്.

3)മേൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സൌണ്ട് സിസ്റ്റം(മൈക്ക്-2,ബോക്സ്-2, ആപ്ലിഫയർ) പ്രതിദിനം 2000/- രൂപയ്ക്ക് വാഹനവാടക ഉൾപ്പടെ വർക്ക് ചെയ്യാൻ സമ്മതമാണെന്നുള്ള ശ്രീ.ഗിരീഷ്, കുറവൻ പറമ്പിന്റെ കട്ടേഷൻ മെഡിക്കൽ ഓഫീസറുടെ 19.6.2023 നടപടിക്രമം പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ടിയാൾക്ക് തുക നല്കിയതിന് ഹാജരാക്കിയ വൌച്ചറുകൾ പരിശോധിച്ചതിൽ ഒരേദിവസം രണ്ട് സ്ഥലങ്ങളിൽ പരിശീലന പരിപാടിക്ക് മെക്ക് സിസ്റ്റം പ്രവർത്തിപ്പിച്ചതിന് 2000/ - രൂപ വീതം നല്കിയിട്ടുണ്ട്.

വിശദാംശം താഴെകൊടുക്കുന്നു.

| ക്രമ നം. | തീയതി | സ്ഥലം | നല്കിയ തുക | ബിൽ നം./തീയതി |
|---|---|---|---|---|
| 1 | 2.7.2023 | SCSHS വളമംഗലം | വൌച്ചർ നം. 17/23-24-2000/- | 23060652014000333652/ 20.7.2023 – 50080/- |
| 2 | 2.7.2023 | LPS മനക്കോടം | വൌച്ചർ നം. 17/23-24-2000/- | 23060652014000333652/ 20.7.2023 – 50080/- |
| 3 | 14.10.2023 | SC ഓഡിറ്റോറിയം | വൌച്ചർ നം. 64/23-24-2000/- | 23060652014000921285/ 12.12.2023 – 25680/- |
| 4 | 14.10.2023 | പുത്തൻകാവ് ക്ഷേത്രം ഓഡിറ്റോറിയം | വൌച്ചർ നം. 65/23-24-2000/- | 23060652014000921285/ 12.12.2023 – 25680/- |
| 5 | 16.7.2023 | SCSHSSവളമംഗലം | വൌച്ചർ നം. 26/23-24-2000/- | |
| 6 | 16.7.2023 | പുത്തൻകാവ് ക്ഷേത്രം ഓഡിറ്റോറിയം | വൌച്ചർ നം. 27/ 23-24--2000/- | ബിൽ നം. 23060652014000418988/ 09.8.2023 -89540/- |
| 7 | 23.7.2023 | എസ്.സി.ടി ഓഡിറ്റോറിയം | വൌച്ചർ നം. 28/ 23-24-2000/- | |

| | | | |
|---|---|---|---|
| 8 | 23.7.2023 | SC ഓാഡിറ്റോറിയം | വൌച്ചർ നം. 29/ 23-24- 2000/- |
| 9 | 30.7.2023 | പുത്തൻകാവ് ക്ഷേത്രം ഓാഡിറ്റോറിയം | വൌച്ചർ നം. 31/ 23-24- 2000/- |
| 10 | 30.7.2023 | SCSHSSവളമംഗലം | വൌച്ചർ നം. 30/ 23-24- 2000/ |

പ്രദിദിനം 2000/- രൂപ എന്ന ക്വട്ടേഷൻ അംഗീകരിച്ചതിനു ശേഷം ഒരേ ദിവസം വിവിധ സ്ഥലങ്ങളിൽ നടത്തുന്ന ഓാരോ പരിപാടിക്കും 2000/- രൂപ വീതം നല്കിയത് ക്രമപ്രകാരമല്ല.ആയതിനാൽ ഒരേ ദിവസത്തെ ഒന്നിലധികം വൗച്ചറുകൾ പ്രകാരമുള്ള (5x2000) =10000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

4)ബിൽ ക്രമ നം.(3) പ്രകാരം 71786/- രൂപ മാറിയിരിക്കുന്നതിൽ 48500/-രൂപ നല്കിയിരിക്കുന്നത് കൊച്ചിൻ ഗ്രാഫിക്സ് എന്ന സ്ഥാപനത്തിനാണ്. സ്ഥാപനത്തിന്റെ 14.3.2024 ഇൻവോയിസ് പ്രകാരം ഇതൾ സ്മരണിക എന്ന പേരിൽ ജി.എസ്.ടി ഉൾപ്പെടെ 48.5 രൂപ പ്രകാരം 1000 കോപ്പി ബുക്ക് ലെറ്റുകൾ അച്ചടിച്ചു നല്കിയിട്ടുണ്ട്.

പദ്ധതി പ്രകാരം നീതിലാബ് തൈക്കാട്ടുശ്ശേരി മെഡിക്കൽ ചെക്കപ്പ് നടത്തിയതിന് SCB275 ന് തുക നല്കിയതിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇൻവോയിസ് നം./തീയതി | ടെസ്റ്റ് നടത്തിയ വരുടെ എണ്ണം | നല്കിയ തുക | ബിൽ നം./തീയതി |
|---|---|---|---|---|
| 1 | 16.7.2023 | 72 | @535=38250 Dis-2520 Netamout-36000 | ബിൽ നം. 23060652014000418988/ 09.8.2023 -89540/- |
| 2 | 23.7.2023 | 61 | @535=32635 Dis -2135 Net Amount-30500 | ബിൽ നം. 23060652014000418988 /09.8.2023 -89540/- |
| 3 | 9.7.2023 | 59 | @500=29500 | 23060652014000333652/ 20.7.2023-50080/- |
| 4 | 17.2.2024 | 60 | @680=40800 | 230606520140001269838/ 24.2.2024-43200/- |
| 5 | 24.2.2024 | 65 | @680=44200 | ബിൽ നം. 230606520140001314096 /24.2.2024- 46600/- |
| ആകെ | | 317 | | |

ഇതു പ്രകാരം മെഡിക്കൽ ചെക്കപ്പിന് വിധേയരായ ഗുണഭോക്താക്കളുടെ എണ്ണം 317 ആണ്. ആകെ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കളുടെ എണ്ണം വ്യക്തമാക്കുന്ന രജിസ്റ്റർ ലഭ്യമല്ല. നാല് സബ്സെന്ററുകളിലായി നടന്ന പരിശീലന/ബോധവത്ക്കരണ ക്ലാസുകളിലും ശരാശരി 40 പേർ വീതം പങ്കെടുത്തതിന്റെ ഹാജർ വിവരങ്ങളാണ് ലഭ്യമായത്. 16.3.24 ന് തുറവൂർ എസ്.സി.ടി ഹാളിൽ വച്ച് നടന്ന ശില്പശാലയിൽ ആകെ 164 പേരുടെ ഹാജർ വിവരങ്ങളാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിനുശേഷം സബ്സെന്ററുകളിൽ മറ്റ് പരിശീലന പരിപാടികൾ നടത്തിയിട്ടില്ല. ഇതൾ സ്മരണികയെന്ന പേരിൽ 24.2.2024ലെ 98/2023 നമ്പർ ക്വട്ടേഷൻ നോട്ടീസ് പ്രകാരം 14.3.2024 ൽ 1000 എണ്ണം ബുക്ക് ലെറ്റുകൾ അച്ചടിച്ചത് പദ്ധതി ഗുണഭോക്താക്കളുടെ

ഇരട്ടിയിലധികമാണ്. സ്മരണിക സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും വിതരണം നടത്തിയതിന്റെ രേഖകൾ ലഭ്യമല്ല. 16.3.2024 ൽ നടന്ന ശില്പശാലയിൽ വിതരണം ചെയ്തതിനുശേഷം ബാക്കിയുള്ളവ വിതരണം ചെയ്തോ എന്നതിന് വ്യക്തതയില്ല. ആവശ്യകത നിർണ്ണയിക്കാതെ സ്മരണികകൾ അച്ചടിച്ചതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.25/13.11.2024) നല്കിയെങ്കിലും മറുപടി ലഭ്യമായില്ല. മേൽ ചെലവ് വികസനഫണ്ടിന്റെ കടുത്ത ധനദുർവിനിയോഗമായി കണക്കാക്കുന്നു.

മേൽ ചെലവുകളിൽ (13600+4080)=17680/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. ഈ തുക നിർവഹണോദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) യുടെ ബാധ്യതയായിരിക്കുന്നതാണ്.

## 1-18 ലാബിലേക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങിയതിന് ജി.എസ്.ടി. സോഴ്സ് ഡിഡക്ഷൻ നടത്തിയില്ല

1)പ്രോജക്ടിന്റെ പേര് – ആരോഗ്യ സ്ഥാപനങ്ങൾ ലാബ് സൌകര്യങ്ങൾ ഏർപ്പെടുത്തൽ (S0223/24)

അടങ്കൽ -975000/-(ഹെൽത്ത് ഗ്രാന്റ്)

ചെലവ് –974869/-

1) വൌച്ചർ നം. -BP2023-24 Dt 13.3.2024-448999/-

നിർവ്വഹണം – മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

മേൽ ബിൽ പ്രകാരം ലാബിലേക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങിയതിന് ട്രാൻസാനിയ ബയോ മെഡിക്കൽസ് ലിമിറ്റഡ്, ബാംഗ്ലൂർ എന്ന സ്ഥാപനത്തിൽ നിന്നും 18% ജിഎസ്ടി ഉൾപ്പെടെ 448999/-രൂപയുടെ വാങ്ങൽ നടത്തിയിട്ടുണ്ട്.

| ഇനം | സ്ഥാപനം/ഇൻവോയ്സ് നം./തീയതി | ആകെനൽകിയ തുക | ജി എസ് റ്റി ഒഴികെയുള്ള ബിൽ തുക | ഉറവിടത്തിൽ നിന്നും കുറവ് ചെയ്യേണ്ട ജി.എസ്.റ്റി(2%)TDS |
|---|---|---|---|---|
| | ട്രാൻസാനിയ ബയോ മെഡിക്കൽസ് ലിമിറ്റഡ്, ബാംഗ്ലൂർ | 448999/-/- | 368179 | 7364/- |

കേന്ദ്ര ചരക്കു സേവന നികുതി നിയമം 2017 (2017-ലെ 12-ാം നിയമം), കേരള ചരക്കു സേവന നികുതി നിയമം 2017 (2017-ലെ 20-ാം നിയമം) എന്നീ നിയമങ്ങളിലെ സെക്ഷൻ 51 അനുസരിച്ച് ഒരു കരാറിൻ പ്രകാരം രണ്ടര ലക്ഷം രൂപയിൽ കവിയുന്ന നികുതി വിധേയമായ സാധനങ്ങളുടെയൊ സേവനങ്ങളുടെയൊ വാങ്ങലുകൾ നടത്തിയതിന്റെ പേയ്മെന്റ് നടത്തുമ്പോൾ ടി തുകയിൽ നിന്നും 2% നികുതി (സി.ജി.എസ്.റ്റി-1%, എസ്.ജി.എസ്.റ്റി- 1%) ഉറവിടത്തിൽ നിന്നും കുറവ് ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ജി എസ് റ്റി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (2/6.11.24) മറുപടി ലഭ്യമാക്കിയില്ല. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-19 വൈദ്യുതി ബോർഡ് മുഖേനയുള്ള നിക്ഷേപ പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ടിന്റെ പേര് - കിളിമിനിക്കുളം – വാക്കയിൽ പാലം സ്ട്രീറ്റ് ലൈൻ നീട്ടൽ

പ്രോജക്ടിന്റെ നമ്പർ - S0226/24

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ചെലവ് തുക - 91742/- രൂപ (ബിൽ നം. 308/31.01.24)
ഫണ്ട് ഇനം - വികസന ഫണ്ട് ജനറൽ

അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, കുത്തിയതോട് അംഗീകരിച്ച് നൽകിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് വാർഡ് 15-ലെ കിളിമിനിക്കുളം – വാക്കയിൽ പാലം സ്ട്രീറ്റ് ലൈൻ നീട്ടൽ സ്ട്രീറ്റ് ലൈൻ നീട്ടൽ പ്രവൃത്തിയ്ക്കായി 91742/- രൂപ വൈദ്യുതി ബോർഡിൽ നിക്ഷേപിച്ചിട്ടുണ്ട്. മേൽ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വൈദ്യുതി ബോർഡുമായി കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പും പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതും ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 17/11.11.2024) മറുപടി ലഭ്യമാക്കിയില്ല. പദ്ധതിയുടെ പൂർത്തീകരണ രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ 91742/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സ്ട്രീറ്റ് ലൈൻ നീട്ടൽ പ്രവൃത്തികൾക്കായി വൈദ്യുതി ബോർഡിൽ തുക നിക്ഷേപിക്കുമ്പോൾ പദ്ധതി പൂർത്തീകരണത്തിന് ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
2023-24 വർഷത്തെ വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ, തൻവർഷത്തെ കിളിമിനിക്കുളം – വാക്കയിൽ പാലം സ്ട്രീറ്റ് ലൈൻ നീട്ടൽ (പ്രോജക്ട് നം. 226/24) എന്ന പദ്ധതിയ്ക്കായി നിക്ഷേപിച്ച 91742/- രൂപ ഉൾപ്പെടെ വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ 32,34,598/- രൂപ നിക്ഷേപിച്ചിട്ടുണ്ട്. ഏതൊക്കെ വർഷങ്ങളിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഇലക്ട്രിസിറ്റി ബോർഡിൽ തുക നിക്ഷേപിച്ചതെന്ന വിവരം അഡ്വാൻസ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ഓരോ പ്രവൃത്തിയ്ക്കും ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള തുകയുടെ വർഷം തിരിച്ചുള്ള കണക്ക് തയ്യാറാക്കി പൂർത്തീകരിച്ച പദ്ധതികളുടെ ധനവിനിയോഗ സാക്ഷ്യപത്രം ബോർഡിൽ നിന്നും ലഭ്യമാക്കേണ്ടതും പൂർത്തിയാക്കാത്തവ അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-20 സ്കൂളുകൾക്കായി വാങ്ങിയ വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചില്ല

2023-24 വർഷം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ വാട്ടർ പ്യൂരിഫയർ വാങ്ങൽ എന്ന പദ്ധതി പ്രകാരം (പ്രോജക്ട് നം. 90/24) ഐ.ടി പ്രൊഫഷണൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും ജെം പോർട്ടൽ മുഖേന മൂന്ന് വാട്ടർ പ്യൂരിഫയർ വാങ്ങുന്നതിനായി സി.എഫ്.സി ഗ്രാന്റിൽ നിന്നും 55996/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഗവ. എൽ.പി.എസ് പുത്തൻചന്ത, ഗവ. എൽ.പി.എസ് മനക്കോടം, ഗവ. എൽ.പി.എസ് വളമംഗലം എന്നീ സ്കൂളുകളിൽ സ്ഥാപിക്കുന്നതിനായി വാങ്ങിയ ഇവ ഇപ്പോഴും പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്. പ്ലംബിംഗ് പ്രവൃത്തികൾ പൂർത്തിയാകാത്തിനാലാണ് ഇവ സ്ഥാപിക്കാത്തതെന്നാണ് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 26/13.11.24) സെക്രട്ടറി മറുപടി നൽകിയത്.
വാട്ടർ പ്യൂരിഫയർ വാങ്ങി എട്ട് മാസങ്ങൾ കഴിഞ്ഞിട്ടും ഇവ കുട്ടികൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കാതെ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിക്കുന്നത് അംഗീകരിക്കാവുന്നതല്ല. എത്രയും വേഗം ഇവ സ്ഥാപിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. പദ്ധതി ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിൽ 55996/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ചെലവ് വിവരം

ബിൽ നം. 112/29.3.2024 – 55996/-

## 1-21 വിൻഡോ മാതൃക ദർഘാസ് പരസ്യം - സർക്കാർ നിർദ്ദേശം ലംഘിച്ചത്

അധികച്ചെലവിന് ഇടയാക്കി

പൊതുഭരണ (ഇൻഫർമേഷൻ & പബ്ലിക് റിലേൻസ് -ഡി) വകുപ്പിന്റെ 21.06.04-ലെ 7441/ഡി-1/04 ഐ ആന്റ് പി ആർ. നമ്പർ സർക്കുലർ പ്രകാരം ദർഘാസ് പരസ്യങ്ങൾ "വിൻഡോ" (24ച.സെ.മീ.വലിപ്പം) രൂപത്തിൽ ആയിരിക്കണമെന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും പരസ്യങ്ങൾക്ക് 15% ഡിസ്കൌണ്ട് ലഭ്യമാക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് 2023-24 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണം ചെയ്ത പദ്ധതി രൂപീകരണ, നിർവ്വഹണ മോണിട്ടറിംഗ് ചെലവ് എന്ന പ്രോജക്ടിന്റെ (പ്രോജക്ട് നം.S0004/23) ഭാഗമായി പത്രപരസ്യങ്ങൾക്ക് തുക അനുവദിച്ചതെന്ന് കാണുന്നു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

1) വിൻഡോ മാതൃക ദർഘാസ് പരസ്യം - നിർദ്ദിഷ്ട വലിപ്പത്തിൽ കൂടിയതു് അധികച്ചെലവിന് ഇടയാക്കി

2016-17 വർഷം മാതൃഭൂമി ദിനപത്രത്തിൽ നൽകിയ രണ്ട് പരസ്യങ്ങൾക്ക് തൻവർഷമാണ് തുക അനുവദിച്ച് നൽകിയിട്ടുള്ളത്. മാതൃഭൂമി പ്രിന്റിംഗ് & പബ്ലിഷിംഗ് കമ്പനി ലഭ്യമാക്കിയ ബിൽ പരിശോധിച്ചതിൽ, (8cmx4cm)=32cm$^2$ വലുപ്പത്തിൽ പരസ്യം നൽകിയതിന് ഒരു ച.സെ.മീറ്ററിന് 210/- രൂപ നിരക്കിൽ തുക ഈടാക്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

ആകെ അനുവദിച്ച് നൽകിയ തുക –2x (32 X 210 – 15% Dis) = 11424/-

അനുവദനീയമായ തുക - 2x(24x210 – 15% Dis) = 8568/-

അധികം നൽകിയ തുക – 11424 – 8568 = 2856/-

2) ഡിസ്കൌണ്ട് അനുവദിക്കാതിരുന്നത് അധികച്ചെലവിന് ഇടയാക്കി

കേരള കൌമുദി ദിനപത്രത്തിൽ 28.3.23, 22.9.23, തീയതികളിൽ നൽകിയ പത്രപരസ്യത്തിന്റെ ബിൽ പരിശോധിച്ചതിൽ, നിയമാനുസൃതം അനുവദിക്കേണ്ട ഡിസ്കൌണ്ട് അനുവദിക്കാതെയാണ് പത്രസ്ഥാപനം ബിൽ നൽകി തുക കൈപ്പറ്റിയിട്ടുള്ളതെന്ന് കാണുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

ആകെ അനുവദിച്ച് നൽകിയ തുക –2x(24 X 200 + 5% GST) = 10080

അനുവദനീയമായ തുക - 2x(24x200 – 15% Dis) + 5% GST) = 8568/-

അധികം നൽകിയ തുക – 10080 – 8568 = 1512/-

സർക്കാർ നിർദ്ദേശം പാലിക്കാതെ അനുവദനീയമായതിലും കൂടുതൽ തുക വികസന ഫണ്ട് പൊതു വിഭാഗത്തിൽ നിന്നും ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് (നം.23/12.11.24) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശം കർശനമായി പാലിച്ച് മാത്രം വിൻഡോ പരസ്യം നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ചെലവ് വിവരം.

ബിൽ നം. 133/ 01.11.2023 – 31076/- (വികസന ഫണ്ട് ജനറൽ)

## 1-22 വനിതാ ശിശു വികസന വകുപ്പിൽ നിന്നും അംഗൻവാടി നിർമ്മാണത്തിനായി ലഭിച്ച തുക വിനിയോഗിച്ചില്ല

2023-24 വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ, 2021-22 സാമ്പത്തിക വർഷം രണ്ട് അങ്കണവാടികളുടെ നിർമ്മാണത്തിനായി വനിതാ ശിശു വികസന വകുപ്പിൽ നിന്നും ലഭിച്ച 15,74,439/- രൂപയിൽ 7,42,001/-രൂപ 31.3.2022-ലെ വൌച്ചർ നം. 42100231 പ്രകാരം ചെലവഴിച്ചതായും ശേഷിക്കുന്ന 832438 രൂപ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൌണ്ടിൽ നിലനിർത്തിയിട്ടുള്ളതായും കാണുന്നു. ഏത് അങ്കണവാടിയുടെ നിർമ്മാണത്തിനാണ് 7,42,001/-രൂപ ചെലവഴിച്ചതെന്നും ശേഷിക്കുന്ന തുക നാളിതുവരെ

വിനിയോഗിക്കാതിരുന്നതിന്‍റെ കാരണം വിശദീകരിക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/11.11.2024 ) മറുപടി ലഭ്യമാക്കിയില്ല.
പ്രോജക്ട് ആവിഷ്കരിച്ച് അങ്കണവാടി നിർമ്മാണത്തിനായി ലഭിച്ച 832438 രൂപ ചെലവഴിക്കുവാൻ സത്വര നടപടി കൈക്കൊള്ളേണ്ടതാണ്. അല്ലാത്തപക്ഷം തുക തിരിച്ചടച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-23 മെൻസ്ട്രൽ കപ്പ് വിതരണം പൂർത്തിയായില്ല

പ്രോജക്ടിന്‍റെ പേര് – മെൻസ്ട്രൽ കപ്പ് വിതരണം (S028/24)
അടങ്കൽ – 493101/- (വികസന ഫണ്ട്-ജനറൽ)
ചെലവ് – 493000/-

(BRN.112849/23.01.2024,493000)
എറണാകുളം ജില്ലാ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കീഴിലുള്ള നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും 290 രൂപ നിരക്കിൽ 1700 മെൻസ്ട്രൽ കപ്പുകൾ വാങ്ങിയിട്ടുണ്ട്. ഇവ ഡി.ഡി.എം.എസ്-ൽ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും വിതരണ രജിസ്റ്റർ പരിശോധിച്ചതു പ്രകാരം പിഎച്ച്സിയുടെ കീഴിലുള്ള 4 സബ് സെന്‍ററുകൾക്ക് താഴെകൊടുത്തിരിക്കുന്ന രീതിയിൽ വിതരണം നടത്തിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം. | സബ്സെന്‍റർ | നല്കിയ എണ്ണം | വിതരണം പൂർത്തിയായത് | ബാക്കി |
|---|---|---|---|---|
| 1 | മനക്കോടം | 285 | 285 | 0 |
| 2 | പഴംപള്ളിക്കാവ് | 283 | 282 | 1 |
| 3 | തുറവൂർ മദ്ധ്യം | 283 | 282 | 1 |
| 4 | തുറവൂർ തെക്ക് | 285 | 100 | 185 |
| ആകെ | | 1136 | 849 | 187 |

കുത്തിയതോട് പഞ്ചായത്തിന്‍റെ കീഴിലുള്ള പള്ളിത്തോട് പി.എച്ച്.സിയുടെ പരിധിയിൽ തുറവൂർ പഞ്ചായത്തിലെ 4 വാർഡുകൾ സ്ഥിതിചെയ്യുന്നതിനാൽ ഇതിൽ നിന്നും ബാക്കിയുള്ളത് പി.എച്ച്.സി പള്ളിത്തോടിന് നല്കിയതായി പറഞ്ഞുവെങ്കിലും ഇത് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പള്ളിത്തോട് പി.എച്ച്.സിയുടെ വിതരണ രജിസ്റ്ററിലുള്ള വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വാർഡ് | കൈപ്പറ്റിയത് | വിതരണം | വിതരണം ചെയ്യാൻ അവശേഷിക്കുന്നത് |
|---|---|---|---|---|
| 1 | 1&18 | 282 | 102 | 180 |
| 2 | 16&17 | 282 | 175 | 107 |
| ആകെ | | 564 | 317 | 287 |

കൈപ്പറ്റിയതിൽ തന്ന 287 എണ്ണം വിതരണം ചെയ്യാൻ അവശേഷിക്കുന്നു. ആകെ വിതരണം ചെയ്തിട്ടില്ലാത്ത 474 എണ്ണം വിതരണം പൂർത്തിയാക്കി അറിയിക്കുന്നതുവരെ 474x290=137460/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി – നിർമ്മാണം പൂർത്തിയാക്കിയില്ല

അസിസ്റ്റന്‍റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതിയ്ക്കായി (പ്രോജക്ട് നം.79/24) തൻവർഷം വികസന ഫണ്ടിൽ (എസ്.സി.പി) നിന്നും 420000/- രൂപ ചെലവഴിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്‍റെ 21.9.23-ലെ ഉത്തരവ് നം.1877/2023/എൽ.എസ്.ജി.ഡി പ്രകാരം നാല് ഘട്ടങ്ങളിലായിട്ടാണ് സബ്സിഡി തുക നൽകേണ്ടത്. 30000/- മുൻകൂറായും 60000/- അടിത്തറ പൂർത്തിയാകുമ്പോഴും 80000/- മേൽക്കൂര നിർമ്മാണം കഴിയുമ്പോഴും ബാക്കി 30000/- മൂല്യനിർണ്ണയ സാക്ഷ്യപത്രം

ഹാജരാക്കുമ്പോഴുമാണ് അനുവദിക്കേണ്ടത്. താഴെപറയുന്ന ഗുണഭോക്താക്കൾക്ക് 2023-24 വർഷം നൽകിയ തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 01 | അമർനാഥ് സുധീർ, അംബിക നിവാസ് | 30000 |
| 02 | അഭിഷേക് സന്തോഷ്, ചില്ലിട്ടാംതറ | 30000 |
| 03 | ദേവദത്തൻ സജിമോൻ, പൊൻവേലി കോളനി | 90000 |
| 04 | സുവർണ ആനന്ദൻ പെരുമാൾ, ചാലുചിറ | 30000 |
| 05 | അതുൽ കൃഷ്ണ, സിജിമോൾ, അറയ്ക്കൽപറമ്പിൽ | 30000 |
| 06 | വിദ്യാലക്ഷ്മി സന്തോഷ്, കോയിച്ചിറ | 30000 |
| 07 | അഖിനേഷ് സന്തോഷ് കുമാർ, വേദത്രയം | 30000 |
| 08 | മിഥുന മഹേശ്വരി ജയൻ, പുത്തൻനികർത്ത് | 90000 |
| 09 | അനഘ കൃഷ്ണ ഉണ്ണികൃഷ്ണൻ, പാലാഞ്ഞിത്തറ | 30000 |
| 10 | രജത് പി പ്രസന്നൻ, ചക്കാലയിൽ | 30000 |

മേൽ പരാമർശിച്ച ഗുണഭോക്താക്കളിൽ രണ്ട് പേർ മാത്രമാണ് അടിത്തറ നിർമ്മാണം പൂർത്തിയാക്കി രണ്ടാം ഗഡു കൈപ്പറ്റിയിട്ടുള്ളത്. നിർമ്മാണം പൂർത്തിയാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതാണെന്നാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (13/11.11.24) അസി.സെക്രട്ടറി മറുപടി നൽകിയത്. മേൽ സൂചിപ്പിച്ചിട്ടുള്ള ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തിയാക്കാത്ത സാഹചര്യത്തിൽ 420000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ചെലവ് വിവരം

ബിൽ നം. 199/25.11.23 – 120000/-

ബിൽ നം. 301/31.1.24 – 90000/-

ബിൽ നം. 302/31.1.24 – 90000/-

ബിൽ നം. 341/15.2.24 – 60000/-

ബിൽ നം. 342/17.2.24 – 60000/-

## 1-25 ഓഡിറ്റ് ഇംപാക്ട്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി - മെറ്റീരിയൽസ് വാങ്ങൽ - നിയമാനുസൃതം കുറവ് ചെയ്യേണ്ടിയിരുന്ന ജി.എസ്.ടി ഈടാക്കാതിരുന്നത് തിരികെ ഒടുക്കി.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കിയ മെറ്റീരിയൽ വർക്കുകൾക്ക് മെറ്റീരിയൽസ് ലഭ്യമാക്കുന്നതിനായി ഓരോ പ്രവൃത്തികൾക്കും പ്രത്യേകം ടെണ്ടർ ക്ഷണിച്ചാണ് മെറ്റീരിയൽസ് വാങ്ങിയിട്ടുള്ളത്. എന്നാൽ കരാർ പ്രകാരം സാധനങ്ങൾ സപ്ലൈ ചെയ്തതിന് തുക അനുവദിച്ചപ്പോൾ ബില്ലിൽ നിന്നും നിയമാനുസൃതം ടി.ഡി.എസ് ആയി കുറവ് ചെയ്യേണ്ട ജി.എസ്.ടി (250000/- ലക്ഷം രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക്), കുറവ് ചെയ്യാതെ തുക നൽകിയത് മൂലം കരാറുകാർക്ക് അധിക തുക നൽകുവാനിടയായി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം, | കരാറുകാരന്റെ പേര് | മെറ്റീരിയൽസിന് നൽകിയ തുക | ഈടാക്കേണ്ട GST (2%) | എഫ്.ടി.ഒ നമ്പർ |
|---|---|---|---|---|---|
| 1 | പുന്നയ്ക്കൽ പനയിടം റോഡ് ഗ്രാവലിംഗ് - (RC/339157) | ദയാനന്ദ ബാബു | 289375 | 5788 | 339157/ 10.11.23 |

| | | | | | |
|---|---|---|---|---|---|
| 2 | വലിയകളം പത്തിൽചിറ നടപ്പാത നിർമ്മാണം (RC /339160) | ശശികുമാർ. കെ.കെ | 356395 | 7128 | 16205/7.10.23 |
| 3 | കരളം നടപ്പാത നിർമ്മാണം. (RC/339155) | ദയാനന്ദ ബാബു | 407416 | 8148 | 339155/3.10.23 |
| | ആകെ | | | 21064 | |

കരാറുകാർക്ക് അധികമായി നൽകിയ 21064/- രൂപ തിരികെ ഈടാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.21/12.11.24) നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട് (13.11.24 ലെ 1240101385 – 387 നമ്പർ രസീതുകൾ). പ്രസ്തുത തുക ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-26 സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ -നികുതികൾ ഈടാക്കിയിട്ടില്ല

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ ചെയ്ത പ്രവൃത്തികളിൽ കോൺക്രീറ്റിലുള്ള സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് പ്രവർത്തി സ്ഥലങ്ങളിൽ സ്ഥാപിച്ചു നൽകുന്നതിന് ഓഡിറ്റ് വർഷം കരാർ ഏറ്റെടുത്തിട്ടുള്ളത് ലക്ഷ്മി കുടുംബശ്രീ യൂണിറ്റാണ്. ഓഡിറ്റ് വർഷം 659800/-രൂപയാണ് ടി ഇനത്തിൽ പ്രസ്തുത യൂണിറ്റിന് നൽകിയിട്ടുള്ളത്. എന്നാൽ വിവിധ ബില്ലുകൾ പ്രകാരം കരാറുകാരന് തുക അനുവദിച്ചപ്പോൾ ബില്ലിൽ നിന്നും നിയമ പ്രകാരം ഈടാക്കേണ്ട ജി.എസ്.ടി, ആദായ നികുതി എന്നിവ ഈടാക്കിട്ടില്ലാത്തതായി കാണുന്നു. 1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30,000/- രൂപയ്ക്കു മേലുള്ള കരാർ പ്രവൃത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. കൂടാതെ 250000/-രൂപയ്ക്ക് മുകളിലുള്ള കരാർ പ്രവൃത്തികളിൽ നിന്നും 2% നിരക്കിൽ ജി.എസ്.ടി, ടി.ഡി.എസായി ഈടാക്കേണ്ടതാണ്. ഇതനുസരിച്ച് പ്രസ്തുത യൂണിറ്റിൽ നിന്നും ആദായ നികുതി, ജി.എസ്.ടി ഇനങ്ങളിൽ 13196/- രൂപ വീതം ഈടാക്കേണ്ടതായിരുന്നു. എന്നാൽ ഇത്തരത്തിൽ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.29/13.11.24) ലഭ്യമാക്കിയ മറുപടിയിൽ തുക തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ക്രമ വിരുദ്ധമായി നൽകിയ തുക ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-27 സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ - ഒരേ ഇനം പ്രവൃത്തിയ്ക്കുള്ള ബോർഡിന് വ്യത്യസ്ത നിരക്കിൽ തുക അനുവദിച്ചതു മൂലം അധിക ചെലവ്

ഗ്രാമ പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡിനുള്ള തുക നൽകിയിട്ടുള്ളത് പ്രസ്തുത പ്രവൃത്തികൾക്കാവശ്യമായ മെറ്റീരിയൽസ് സപ്ലൈ ചെയ്തിട്ടുള്ള കരാറുകാർക്കാണ്. എന്നാൽ ഇത്തരത്തിൽ ബോർഡ് സപ്ലൈ ചെയ്യുന്നതിനായി ഇവരിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുകയോ, കരാറിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ല. ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ ഒരേ കാലയളവിൽ നടപ്പാക്കിയ ഒരേയിനം പ്രവൃത്തികളിൽ സ്ഥാപിച്ചിട്ടുള്ള ബോർഡുകൾക്ക് വ്യത്യസ്ത നിരക്കിൽ തുക

നൽകിയിട്ടുള്ളതായി കാണുന്നു. ഉദാഹരണമായി, 2022-23 ൽ നടപ്പാക്കിയിട്ടുള്ള പുത്തൻകാവ് പുതുപറമ്പ് ഫുട്പാത്ത് നിർമ്മാണം (RC/339163), പത്മശാലി നടപ്പാത (RC/349010), കൃഷ്ണഗിരി മണക്കൽചിറ റോഡ് (RC/349008) എന്നീ പ്രവൃത്തികളിൽ സ്ഥാപിച്ചിട്ടുള്ള ബോർഡിന് 3000/- രൂപ നിരക്കിലാണ് തുക നൽകിയിട്ടുള്ളത്. എന്നാൽ ഇതേ കാലയളവിൽ നടപ്പാക്കിയിട്ടുള്ള താഴെ പറയുന്ന പ്രവൃത്തികളിൽ ബോർഡിന് 5000/- രൂപ നിരക്കിലാണ് തുക അനുവദിച്ചിട്ടുള്ളത്.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം / ബിൽ നമ്പർ/തീയതി | കരാറുകാരൻ | ബോർഡിന് നൽകിയ തുക | നൽകാവുന്ന തുക | അധികം നൽകിയത് |
|---|---|---|---|---|---|
| 1 | മാനയിൽ കുമ്മംപള്ളി നടപ്പാത (RC/345626) 345626/ 10.5.23 | ദയാനന്ദ ബാബു | 5000 | 3000 | 2000 |
| 2 | പുന്നയ്ക്കൽ പനയിടം റോഡ് ഗ്രാവലിംഗ് - (RC/339157) 339157/ 10.11.23 | ദയാനന്ദ ബാബു | 5000 | 3000 | 2000 |
| 3 | വലിയകളം പത്തിൽചിറ നടപ്പാത നിർമ്മാണം (RC /339160) 16205/ 7.10.23 | ശശികുമാർ. കെ.കെ | 5000 | 3000 | 2000 |
| 4 | കരളം നടപ്പാത നിർമ്മാണം. (RC/339155) 339155/3.10.23 | ദയാനന്ദ ബാബു | 5000 | 3000 | 2000 |
| | ആകെ | | | | 8000 |

ക്രമ വിരുദ്ധമായി കൂടിയ നിരക്കിൽ ബോർഡ് വാങ്ങിയിട്ടുള്ളത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനും, കരാറുകാർക്ക് അധികമായി നൽകിയ 8000/- രൂപ തിരികെ ഈടാക്കി വിവരം അറിയിക്കുവാനുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 22/12.11.24) ലഭ്യമാക്കിയ മറുപടിയിൽ വലിയ ബോർഡിന് 5000/-, ചെറിയ ബോർഡിന് 3000/- രൂപ എന്ന നിരക്കിലാണ് തുക നൽകിയതെന്നും, വലിയ ബോർഡ് ഇല്ലാത്ത സാഹചര്യത്തിലാണ് ചെറിയ ബോർഡ് വെച്ചിട്ടുള്ളതെന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ബോർഡ് നൽകുന്നതിനായി പ്രസ്തുത കരാറുകാരുമായി ടെണ്ടർ നടപടികൾ സ്വീകരിക്കുകയോ, കരാറിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ല. ഏത് തരം ബോർഡ് സ്ഥാപിക്കണം എന്നുള്ള നിർദ്ദേശവും നൽകിയിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ ടി മറുപടി അംഗീകരിക്കാവുന്നതല്ല. കരാറുകാർക്ക് അധികമായി നൽകിയ 8000/- രൂപ

ഉത്തരവാദിയായ അക്രെഡിറ്റഡ് അസിസ്റ്റന്റ് എഞ്ചിനീയർ, സെക്രട്ടറി എന്നിവരിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-28 സർക്കാരിലേയ്ക്ക് ഒടുക്കുവാനായി ഈടാക്കിയ തുക നാളിതുവരെ ഒടുക്കിയില്ല

2023-24 ലെ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B- 9 പരിശോധിച്ചതിൽ, മുൻവർഷങ്ങളിൽ വിവിധ ഇനങ്ങളിലായി സർക്കാരിലേയ്ക്ക് ഒടുക്കുവാനായി ഈടാക്കിയ 30,496/- രൂപ നാളിതുവരെ ഒടുക്കിയതായി കാണുന്നില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ഹെഡ് കോഡ് | ഇനം | ഈടാക്കിയ തുക | റിമാർക്സ് |
|---|---|---|---|
| 350300103 | Value Added Tax | 29,256/- | ജി.എസ്.ടി നിലവിൽ വരുന്നതിന് മുമ്പ് വാറ്റ്ഇനത്തിൽ ഈടാക്കിയ തുക |
| 350300112 | Value Of Court Fee Stamp | 1,240/- | ഓൺ ലൈൻ അപേക്ഷകളിലെ സ്റ്റാമ്പ് ഇനത്തിൽ ഈടാക്കിയ തുക. |
| | ആകെ | 30,496/- | |

മേൽ പരാമർശിച്ച ഇനങ്ങളിലായി പൊതുജനങ്ങളിൽ നിന്നും ഈടാക്കിയ തുക യഥാസമയം സർക്കാരിലേയ്ക്ക് തിരിച്ചടക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നത് ശരിയായ നടപടിയല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (15/11.11.24) മറുപടി ലഭ്യമാക്കിയില്ല. വാർഷിക കണക്ക് പ്രകാരം സർക്കാരിലേയ്ക്ക് ഒടുക്കുവാൻ അവശേഷിക്കുന്ന 30,496/- രൂപ അടിയന്തിരമായി ഒടുക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-29 സ്രോതസ്സിൽ നിന്നും ജി.എസ്.ടി കുറവ് ചെയ്തില്ല

പ്രോജക്ടിന്റെ പേര് - മത്സ്യത്തൊഴിലാളികൾക്ക് പി.വി.സി വാട്ടർടാങ്ക്.

പ്രോജക്റ്റ് നം – S0116//24

അടങ്കൽ - 300000/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ഗുണഭോക്തൃ വിഹിതം -100000/-

ചെലവ് - 399000/-

ധനകാര്യകമ്മീഷൻ ഗ്രാന്റ് )-299250/-

1)XVFC/2023-24/P/15/06.03.2024-270000/-

2)XVFC/2023-24/P/20/11.03.2024-29250/-

3)ഗുണഭോക്തൃ വിഹിതം -99750/-(ചെക്ക് നം. 890270/7.3.2024)

ഫിഷറീസ് സബ് ഇൻസ്പെക്ടർ നടപ്പിലാക്കിയ മേൽ പ്രോജക്ടിലുൾപ്പെടുത്തി 152 മത്സ്യത്തൊഴിലാളികൾക്ക് 18% ജി.എസ്.ടി ഉൾപ്പെടെ 2625/-രൂപ വിലവരുന്ന പി.വി.സി വാട്ടർ ടാങ്ക് മുബൈ ട്രേഡേഴ്സ്, തൃപ്പൂണിത്തുറ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 299250/- രൂപ നല്കിയിട്ടുണ്ടെങ്കിലും ഉറവിടത്തിൽ നിന്നും ജി.എസ്.റ്റി.യുടെ TDS കുറവ് ചെയ്തിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | സ്ഥാപനം/ഇൻവോയ്സ് നം./തീയതി | ആകെനൽകിയ തുക | ജി.എസ്.റ്റി ഒഴികെയുള്ള | ഉറവിടത്തിൽ നിന്നും കുറവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | ബിൽ തുക | ചെയ്യേണ്ട ജി.എസ്.റ്റി(2%)TDS |
| | മുംബൈ ട്രേഡേഴ്സ്, തൃപ്പൂണിത്തുറ | 399000/- | 327180/- | 6544/- |

കേന്ദ്ര ചരക്കു സേവന നികുതി നിയമം 2017 (2017-ലെ 12-ാം നിയമം), കേരള ചരക്കു സേവന നികുതി നിയമം 2017 (2017-ലെ 20-ാം നിയമം) എന്നീ നിയമങ്ങളിലെ സെക്ഷൻ 51 അനുസരിച്ച് ഒരു കരാറിൻ പ്രകാരം രണ്ടര ലക്ഷം രൂപയിൽ കവിയുന്ന നികുതി വിധേയമായ സാധനങ്ങളുടെയൊ സേവനങ്ങളുടെയൊ വാങ്ങലുകൾ നടത്തിയതിന്റെ പേയ്മെന്റ് നടത്തുമ്പോൾ ടി തുകയിൽ നിന്നും 2% നികുതി (സി.ജി.എസ്.റ്റി-1%, എസ്.ജി.എസ്.റ്റി- 1%)TDS ഇനത്തിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്യണമെന്ന് പറഞ്ഞിരിക്കുന്നു. ജി എസ് റ്റി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറി (നം.20/12.11.24) നൽകിയതിന് പഞ്ചായത്തിന് വാട്ടർ ടാങ്ക് നൽകിയ വകയിൽ കൈപ്പറ്റിയ തുകയുടെ TDS,GST ഒടുക്കിയതിന്റെ മുഴുവൻ രേഖകളും അടിയന്തിരമായി നല്കാമെന്ന് കമ്പനി അറിയിച്ചതായി മറുപടി നല്കിയിട്ടുണ്ട്. സോഴ്സ് ഡിഡക്ഷൻ നടത്താതിരുന്നതിനാൽ 6544/-രൂപ നിർവഹണോദ്യോഗസ്ഥന്റെ ബാധ്യതയായി നിർണ്ണയിക്കുന്നു.

**1-30 ലൈഫ് ഭവന നിർമ്മാണം - അഡ്വാൻസ് കൈപ്പറ്റിയിട്ടും നിർമ്മാണം ആരംഭിച്ചിട്ടില്ല**

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന ലൈഫ് ഭവന നിർമ്മാണ പദ്ധതികൾ പ്രകാരമുള്ള രജിസ്റ്ററുകൾ പരിശോധിച്ചതിൽ താഴെചേർക്കുന്ന ഗുണഭോക്താക്കൾ ആദ്യ ഗഡു കൈപ്പറ്റി ദീർഘനാളായിട്ടും ഭവന നിർമ്മാണത്തിന്റെ പിന്നീടുള്ള ഗഡുക്കൾ കൈപ്പറ്റിയിട്ടില്ല. വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നം. | പേര് | തുക |
|---|---|---|
| 1 | സുഭദ്ര, കളത്തിച്ചിറ | ആദ്യഗഡു വാങ്ങിയത് 24.6.2023 ആകെ കൈപ്പറ്റിയ തുക-40,000/- |
| 2 | സുരേന്ദ്രൻ,തരിനിലത്ത് | ആദ്യഗഡുവാങ്ങിയത്- 24.6.2023 ആകെ കൈപ്പറ്റിയ തുക ₹ 40,000/- |
| 3 | ശശീന്ദ്രൻ,കുഴുപ്പള്ളികോളനി | ആദ്യഗഡുവാങ്ങിയത്- 12.10.2023 ആകെ കൈപ്പറ്റിയ തുക -₹ 40,000/- |
| 4 | സീമ ബാബു,കൈതത്തറ | ആദ്യഗഡുവാങ്ങിയത്- 18.12.2023 ആകെ കൈപ്പറ്റിയ തുക ₹ 40,000/- |

മേൽ പരാമർശിച്ചിരിക്കുന്ന ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ച് ആദ്യ ഗഡു

ധനസഹായം കൈപ്പറ്റിയ ശേഷം ദീർഘനാളായിട്ടും ഭവന നിർമ്മാണത്തിന്റെ അടുത്ത ഗഡു കൈപ്പറ്റാത്ത സാഹചര്യത്തിൽ മേൽ സൂചിപ്പിച്ചിട്ടുള്ളവർ ഭവനനിർമ്മാണം തുടങ്ങിയിട്ടുണ്ടോ എന്നും ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരവും ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.9/11.11.2024)നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഭവന നിർമ്മാണം ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നല്കുകേണ്ടതാണ്.

## 1-31 ശുചിത്വ പരിപാലനം ഹരിതകർമ്മ സേനയിലൂടെ

ഹരിത കർമ്മ സേനയുടെ ലക്ഷ്യം

സംസ്ഥാനത്തിന്റെ രൂക്ഷമായ മാലിന്യപ്രശ്നത്തിന് വികേന്ദ്രീകൃത രീതിയിൽ പരിഹാരം കാണുന്നതിനും മാലിന്യത്തെ വരുമാനമാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെയുമാണ് ഹരിത കർമ്മസേന രൂപീകരിക്കപ്പെട്ടിട്ടുള്ളത്. സംസ്ഥാനത്തിന്റെ സാഹചര്യത്തിന് അനുസൃതമായി മാലിന്യ ശേഖരണവും സംസ്കരണവും വികേന്ദ്രീകരിക്കുകയും അതോടൊപ്പം അവയിൽ നിന്ന് വരുമാനം ഉണ്ടാക്കുകയും ചെയ്യുക എന്നതാണ് അടിസ്ഥാന ലക്ഷ്യം.

ഹരിത കർമ്മ സേനയുടെ പ്രവർത്തനം

2021 ഡിസംബർ മാസമാണ് ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മ സേനയുടെ പ്രവർത്തനം തുടങ്ങിയത്. നിലവിൽ ഗ്രാമപഞ്ചായത്തിൽ 36 ഹരിത കർമ്മ സേനാംഗങ്ങളെയാണ് നിയമിച്ചിട്ടുള്ളത്. ക്ലസ്റ്ററുകളായി റൊട്ടേഷൻ അടിസ്ഥാനത്തിൽ വാർഡുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള എം.സി.എഫ്-ൽ സൂക്ഷിക്കുകയും മാസാവസാനം തരംതിരിച്ച് ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറുകയും ചെയ്യുന്നു. വീടുകളിൽ നിന്നും 50/-രൂപ നിരക്കിലും വ്യപാര സ്ഥാപനങ്ങളിൽ നിന്നും 100/-രൂപ നിരക്കിലും യൂസർ ഫീ ചുമത്തി വരുന്നു. കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടെ എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ ഓരോ വാർഡിലേയും മാലിന്യ ശേഖരണവും യൂസർ ഫീ കളക്ഷനും പഞ്ചായത്തിൽ നിന്നും നേരിട്ട് മോണിട്ടർ ചെയ്യുവാൻ സാധിക്കുന്നു. ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും പഞ്ചായത്ത് തലത്തിൽ പ്രസിഡന്റ്, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, വി.ഇഒ, ആരോഗ്യ/ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ഹെൽത്ത് ഇൻസ്പെക്ടർ മുതലായ അംഗങ്ങൾ ഉൾപ്പെട്ട സമിതി പ്രവർത്തിക്കുന്നു. ടി സമിതി ഓരോ മാസവും സേനയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. സേനയുടെ പ്രവർത്തന പുരോഗതി കുറഞ്ഞ സ്ഥലങ്ങളിൽ പ്രത്യേക സ്ക്വാഡും പ്രവർത്തിക്കുന്നു.

സാമൂഹ്യ ബോധവത്ക്കരണം

മാലിന്യ സംസ്ക്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്ക്കരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഗ്രാമസഭവഴി നോട്ടീസ് വിതരണം നടത്തിയിട്ടുണ്ട്. അനധികൃതമായി മാലിന്യം തള്ളുന്നതിനെതിരെ എൻഫോഴ്സ്മെന്റ് സ്ക്വാഡ് രൂപീകരിച്ച് ജില്ലാതല ഉദ്യോഗസ്ഥരും പഞ്ചായത്തും ചേർന്ന് പിഴ ഈടാക്കുന്നുണ്ട്.

പരിശീലനം

ഗ്രാമ പഞ്ചായത്തും ഐ.ആർ.ടി.സിയും ചേർന്ന് ഹരിത കർമ്മ സേനയ്ക്ക് കൃത്യമായ ഇടവേളകളിൽ പരിശീലനം നൽകിവരുന്നു. രൂപീകരണ സമയത്ത് പ്ലാസ്റ്റിക്കിന്റെ ദൂഷ്യ വശങ്ങൾ സംബന്ധിച്ച് ബോധവൽക്കരണ ക്യാമ്പെയ്ൻ, ജൈവ, അജൈവ മാലിന്യങ്ങൾ കൃത്യമായി തരം തിരിക്കുന്നതിനുള്ള പരിശീലനം എന്നിവ നൽകിയിരുന്നു. ഇതിനുപുറമേ വിവിധതരം കമ്പോസ്റ്റിംഗ് സംവിധാനങ്ങളെ പറ്റിയുള്ള പരിശീലന ക്ലാസ്സും ലഭിച്ചിട്ടുണ്ട്.

<u>മാലിന്യ ശേഖരണത്തിലെ കാര്യക്ഷമത</u>

ഹരിത കർമ്മ സേനയുടെ 2023-24 വർഷത്തെ കളക്ഷൻ റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിലായി ഏകദേശം 7498 വീടുകളും 304 സ്ഥാപനങ്ങളും യൂസർ ഫീ നൽകി ഗ്രാമപഞ്ചായത്തിന്റെ മാലിന്യ ശേഖരണ യജ്ഞവുമായി സഹകരിക്കുന്നുണ്ട്. ഓരോ മാസവും ഏകദേശം 2500 കിലോഗ്രാം പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ട്. ശേഖരിക്കുന്ന എല്ലാ മാലിന്യങ്ങളും എം സി എഫ്-ൽ എത്തിച്ച് ക്ലീൻ കേരള കമ്പനിയുടെ സ്പെസിഫിക്കേഷൻ പ്രകാരം അടുക്കിസൂക്ഷിക്കുന്നു. ശുചിത്വ മിഷൻ അംഗീകരിച്ച വാർഷിക പ്രവർത്തന കലണ്ടർ പ്രകാരം പ്ലാസ്റ്റിക് വേസ്റ്റിനോടൊപ്പം തുണി, കുപ്പിച്ചില്ലുകൾ, പോളി എത്തിലിൻ പ്രിന്റിംഗ് ഷീറ്റുകൾ, ഇ-വേസ്റ്റ് മുതലായവ ഓരോ മാസവും റൊട്ടേഷൻ അനുസരിച്ച് വീടുകളിൽ നിന്നും കടകളിൽ നിന്നും ശേഖരിക്കേണ്ടതാണ്. താല്ക്കാലിക എം.സി. എഫ് - ന്റെ സ്ഥലപരിമിതി മൂലം നിലവിൽ കഴുകി വൃത്തിയാക്കിയ പ്ലാസ്റ്റിക് കവറുകൾ മാത്രമാണ് ഹരിത കർമ്മ സേന വിവിധ വാർഡുകളിൽ നിന്നും ശേഖരിക്കുന്നത്. ഇത്തരത്തിൽ ശേഖരിക്കുന്ന മാലിന്യങ്ങൾ കൃത്യമായി തരംതിരിച്ച് ക്ലീൻ കേരള കമ്പനിയ്ക്കു നൽകുന്നു.

<u>മാലിന്യ നീക്കത്തിന് അടിസ്ഥാന സൗകര്യം.</u>

വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ തൊട്ടടുത്തുള്ള താല്കാലിക സംഭരണ കേന്ദ്രത്തിൽ എത്തിക്കുന്നതിന് ആവശ്യമായ ട്രോളികൾ ഗ്രാമ പഞ്ചായത്ത് നൽകിയിട്ടുണ്ട്. ഹരിത കർമ്മസേനയ്ക്ക് ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ പഞ്ചായത്ത് മുഖേന നൽകിയിട്ടുണ്ട്. നിലവിൽ ഗ്രാമപഞ്ചായത്തിലെ വാർഡുകളിൽ 15 മിനി എം.സി.എഫുകൾ ഉണ്ട്. മിനി എം.സി.എഫുകളിൽ ശേഖരിച്ച മാലിന്യങ്ങൾ സൂക്ഷിക്കുന്ന പ്രധാന എം.സി.എഫ് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഓരോ വാർഡിൽ നിന്നും ശേഖരിക്കുന്ന മാലിന്യം പ്രധാന എം.സി.എഫ് കേന്ദ്രത്തിലേയ്ക്ക് മാറ്റുന്നതിനായി ഗ്രാമ പഞ്ചായത്തിന് നിലവിൽ സ്വന്തമായി വാഹനം ഇല്ല. വാഹനം വാങ്ങുന്നതിനും, ഡ്രൈവിംഗ് പരിശീലനത്തിനും പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. മാലിന്യനിർമാർജ്ജനം എന്ന ലക്ഷ്യത്തിനായി ബൊക്കാഷി ബക്കറ്റ് വിതരണം, ബയോബിൻ വിതരണം എന്നിവ നല്കി വരുന്നു. കൂടാതെ ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ചിട്ടുണ്ട്.

<u>മെറ്റീരിയൽ കളക്ഷൻ സെന്റർ</u>

വിവിധ വാർഡുകളിൽ നിന്നും പ്രതിമാസം ഏകദേശം 2500 കിലോഗ്രാം പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ട്. നിലവിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് താല്ക്കാലികമായി പ്രവർത്തിക്കുന്ന എം.സി.എഫ് – ലാണ്. ഇവിടെ ബെയിലിംഗ്, ഷ്രഡിംഗ് മെഷീനുകൾ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ ശേഖരിക്കുന്ന മാലിന്യം അതേപടി സൂക്ഷിക്കുന്നതിനുള്ള സൗകര്യം മാത്രമാണുള്ളത്. ഹരിത കർമ്മ സേനയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് പുറത്തിറക്കിയ 12/08/2020ലെ സ.ഉ (സാധാ) നം.1496/2020/ത.സ്വ.ഭ.വ തീയതി പ്രകാരം കുറഞ്ഞത് 1000 ച.അടി വിസ്തീർണ്ണമുള്ള എം.സി.എഫ് പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എം.സി.എഫ് നിർമ്മാണത്തിനായി പദ്ധതി ഏറ്റെടുത്തിട്ടുണ്ട്.

<u>കൺസോർഷ്യത്തിന്റെ പ്രവർത്തനം.</u>

പഞ്ചായത്തിലെ 36 ഹരിത കർമ്മ സേന പ്രവർത്തകരെ ഏകോപിപ്പിച്ച് ഹരിതകർമസേന കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്. ഹരിതസേനയുടെ കീഴിൽ വരുന്ന ദൈനദിന പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടിയാണ് ഹരിതകർമ്മസേന കൺസോർഷ്യം രൂപീകരിച്ചിട്ടുള്ളത്. അജൈവ മാലിന്യ ശേഖരണം മുതൽ തരംതിരിച്ച് വിപണനം നടത്തുന്നതുവരെയുള്ള വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ഹരിത സംരംഭകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുകയുമാണ് ഹരിത കർമ്മ സേന കൺസോർഷ്യത്തിന്റെ പ്രധാന കർത്തവ്യം. കൺസോർഷ്യത്തിന്റെ

നോഡൽ ഓഫീസർ അസിസ്റ്റന്റ് സെക്രട്ടറിയും ചാർജ് ഓഫീസർ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുമാണ്. ഗ്രാമപഞ്ചായത്തിലെ സേനയുടെ പ്രവർത്തനം സംബന്ധിച്ച് 2023-24 വർഷം അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. കൺസോർഷ്യത്തിന്റെ നേതൃത്വത്തിൽ ഓരോ മാസവും യൂസർ ഫീ കളക്ഷനായി ലഭിക്കുന്ന തുകയുടെ 10% കൺസോർഷ്യത്തിന്റെ കോർപ്പസ് അക്കൗണ്ടിൽ സൂക്ഷിക്കുന്നു. സേനയിലെ ഓരോ അംഗത്തിനും അവരവരുടെ പ്രവർത്തനത്തിനനുസരിച്ച് പ്രതിമാസം ശരാശരി 9000/-രൂപ വരെ വേതനം ലഭിക്കുന്നു. കൺസോർഷ്യത്തിന്റെ കേരള ബാങ്ക് ശാഖയിലുള്ള അക്കൗണ്ടിലെ 30.10.2024-ലെ നീക്കിയിരുപ്പ് 342862/- രൂപയാണ്. ടി തുകയിൽ നിന്നും അംഗങ്ങൾക്ക് ഫെസ്റ്റിവൽ അലവൻസ്, താല്കാലിക വായ്പ എന്നിവ നൽകി വരുന്നു.

<u>കൺസോർഷ്യം മുഖേനയുള്ള സംരംഭക യൂണിറ്റുകൾ</u>

അംഗങ്ങൾക്ക് കൂടുതൽ വരുമാനം ലഭിക്കുന്നതിനായി നിലവിൽ സംരംഭക യൂണിറ്റുകൾ കൺസോർഷ്യത്തിന്റെ കീഴിൽ ആരംഭിച്ചിട്ടില്ല.

<u>ഓഡിറ്റിന്റെ നിഗമനം / ശുപാർശ</u>

കൺസോർഷ്യത്തിന്റെ കീഴിൽ ക്യാരിബാഗ് ഉല്പാദന യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഗാർഹിക ബയോബിൻ വിതരണം കാര്യക്ഷമമായി നടക്കുന്ന സാഹചര്യത്തിൽ, കൺസോർഷ്യം മുഖേന ഇനോക്കുലം വീടുകളിൽ എത്തിച്ച് നൽകുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്. പുനരുപയോഗ്യമല്ലാത്ത ലെഗസി മാലിന്യങ്ങളുടെ ഉല്പാദനവും ഉപയോഗവും നിർത്തലാക്കുന്നതിന് സർക്കാർ തലത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുക. ഇവയുടെ ഉപയോഗം മൂലം ഉണ്ടാകുന്ന ആരോഗ്യ, പാരിസ്ഥിതിക പ്രശ്നങ്ങളെപ്പറ്റി ജനങ്ങളെ ബോധവാന്മാരാക്കുക. ഇപ്രകാരം നടപടികൾ സ്വീകരിച്ച് ഹരിത കേരള മിഷന്റെ പ്രഖ്യാപിത ലക്ഷ്യമായ മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ചിട്ടയായതും നിരന്തരവുമായ ഇടപെടൽ ആവശ്യമാണ്.

## <u>ഭാഗം -2</u>

## <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

<u>[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]</u>

### <u>2-1 അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല.</u>

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204, 205 വകുപ്പുകൾ അവയുടെ കീഴിൽ ഉണ്ടാക്കിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊഴിലിൽ ഏർപ്പെടുന്നവരോ ആയ ഏതൊരു സ്ഥാപനവും/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. തുറവൂർ ഗ്രാമപഞ്ചായത്തിലെ 2023-24 സാമ്പത്തിക വർഷത്തെ സ്ഥാപനങ്ങളുടെയും ജീവനക്കാരുടേയും തൊഴിൽ നികുതി പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയതിനാൽ പഞ്ചായത്തിനു വരവിനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ | ജീവനക്കാരന്റെ | സ്ഥാപനം | നികുതി | അർദ്ധ | ഈടാ | ഈടാ | നഷ്ടം | ബിൽ |
|---|---|---|---|---|---|---|---|---|

| നം, | പേര് | | ഒടുക്കേണ്ട അർദ്ധ വർഷം | വാർഷിക വരുമാനം | ക്കേണ്ട നികുതി | ക്കിയ നികുതി | | നം./ തീയതി |
|---|---|---|---|---|---|---|---|---|
| 1 | സുബി.സി. എബ്രഹാം | എസ്.എൻ. ജി.എം. കാറ്ററിംഗ് കോളേജ് | I | 127252 | 1250 | 1000 | 250 | 1230101049/ 26.09.2023 |
| 2 | വിധു | ചേർത്തല ഹെഡ് പോസ്റ്റ് ഓഫീസ് | I | 102240 | 1000 | 600 | 400 | 1230100868/ 25.08.2024 |
| ആകെ | | | | | | | 650 | |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി നികുതി ഈടാക്കാത്തതിനു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (7/8.11.2024) ജീവനക്കാരുടെ കുറവ് വന്ന തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഒടുക്കാതിരുന്നതിനാൽ നഷ്ട തുകയായ 650/- രൂപ ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സ്ത്രീകളുടെ മാനസിക ശാരീരികാരോഗ്യ പരിരക്ഷാപദ്ധതി -വികസനഫണ്ടിന്റെ ദുർവിനിയോഗം

പ്രോജക്റ്റ് നമ്പർ – S0183/24

അടങ്കൽ - 435000/-വികസനഫണ്ട് ജനറൽ

ചെലവ് - 435000/-

ബിൽ നം 1) -230606520140000635530/09.10.2023-13600/-

2)230606520140001269838/24.2.2024-43200/-

3)230606520140001396666/18.3.2024-71786/-

നിർവ്വഹണം – മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

ആരോഗ്യപരിശോധനകൾ, വിവിധ ബോധവത്ക്കരണ/പരിശീലന ക്ലാസുകൾ, യോഗപരിശീലനം എന്നിവയിലൂടെ തുറവൂർ ഗ്രാമ പഞ്ചായത്തിലെ 18 നും 50 നും ഇടയിലുള്ള സ്ത്രീകളുടെ ശാരീരികമാനസികാരോഗ്യ പരിരക്ഷ എന്നതായിരുന്നു പ്രോജക്ട് ലക്ഷ്യം. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകളുണ്ട്.

1) നീതിലാബ്, തൈക്കാട്ടുശേരി നടത്തിയ മെഡിക്കൽ ചെക്കപ്പിന് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നം. 275 ന്റെ അക്കൗണ്ടിലേക്ക് ബിൽ ക്രമ നം.(1) പ്രകാരം

13600/- രൂപ നല്കിയിട്ടുണ്ട്. പി.എച്ച്.സി യിലെ 17 ജീവനക്കാരുടെ" Anti Hbs Antibody/antiHepatitis B Antibody" ടെസ്റ്റ് 27.9.2023-ന് നടത്തിയതിനാണ് 800 രൂപ പ്രകാരം 13600/- രൂപ നല്കിയിരിക്കുന്നത്. പദ്ധതി ഗുണഭോക്താക്കളല്ലാത്തവർക്കായി തുക വിനിയോഗിച്ചത് അംഗീകരിക്കാവുന്നതല്ല. 13600/- രൂപ തിരികെ ഒടുക്കി അറിയിക്കേണ്ടതാണ്.

2) ബിൽ ക്രമ നം.(2) പ്രകാരം 43200/-പിൻവലിച്ചതിൽ 40800/- രൂപ 60 പേരുടെ ക്രിയാറ്റിൻ, ഷുഗർ എന്നിവ 17.2.2024-ന് നീതി ലാബ് തൈക്കാട്ടുശ്ശേരി ടെസ്റ്റ് ചെയ്തതിന് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്(ലിമിറ്റഡ് നം.275) ന് നല്കിയിട്ടുണ്ട്. എന്നാൽ ഇവർ ഹാജരാക്കിയ ഇൻവോയിസ് പ്രകാരം താഴെകൊടുത്തിരിക്കുന്നവർ പുരുഷൻമാർ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം. | ഇൻവോയിസ് നം. | പേര് | നല്കിയ തുക |
|---|---|---|---|
| 1 | 17129 | ജോൺസൺ 48yr/M | 680 |
| 2 | 17151 | അരുൺകുമാർ 46yr/M | 680 |
| 3 | 17155 | വിൻസ്റ്റൺ 49yr/M | 680 |
| 4 | 17162 | അനിതകുമാർ 54yr/M | 680 |
| 5 | 17169 | സുരേന്ദ്രൻ 69yr/M | 680 |
| 6 | 17164 | ജിനീഷ് 39yr/M | 680 |
| ആകെ | | | 4080/- |

ഈ പദ്ധതിയിൽ സ്ത്രീകളെയാണ് ഗുണഭോക്താക്കളായി തിരഞ്ഞെടുത്തിരിക്കുന്നതെന്നതിനാൽ പദ്ധതി ഗുണഭോക്താക്കളല്ലാത്തവർക്കായി തുക വിനിയോഗിച്ചത് അംഗീകരിക്കാവുന്നതല്ല. 4080/- രൂപ തിരികെ ഒടുക്കി അറിയിക്കേണ്ടതാണ്.

3)മേൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സൌണ്ട് സിസ്റ്റം (മൈക്ക്-2,ബോക്സ്-2, ആപ്ലിഫയർ) പ്രതിദിനം 2000/- രൂപയ്ക്ക് വാഹനവാടക ഉൾപ്പടെ വർക്ക് ചെയ്യാൻ സമ്മതമാണെന്നുള്ള ശ്രീ.ഗിരീഷ്, കുറവൻ പറമ്പിന്റെ ക്വട്ടേഷൻ മെഡിക്കൽ ഓഫീസറുടെ 19.6.2023 നടപടിക്രമം പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ടിയാൾക്ക് തുക നല്കിയതിന് ഹാജരാക്കിയ വൌച്ചറുകൾ പരിശോധിച്ചതിൽ ഒരേദിവസം രണ്ട് സ്ഥലങ്ങളിൽ പരിശീലന പരിപാടിക്ക് മെക്ക് സിസ്റ്റം പ്രവർത്തിപ്പിച്ചതിന് 2000/ - രൂപ വീതം നല്കിയിട്ടുണ്ട്.

വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | തീയതി | സ്ഥലം | നല്കിയ തുക | ബിൽ നം./തീയതി |
|---|---|---|---|---|
| 1 | 2.7.2023 | SCSHS വളമംഗലം | വൌച്ചർ നം. 17/23-24-2000/- | 23060652014000333652/ 20.7.2023 – 50080/- |
| 2 | 2.7.2023 | LPS മനക്കോടം | വൌച്ചർ നം. 17/23-24-2000/- | 23060652014000333652/ 20.7.2023 – 50080/- |

| | | | | |
|---|---|---|---|---|
| 3 | 14.10.2023 | SC ഓഡിറ്റോറിയം | വൌച്ചർ നം. 64/23-24-2000/- | 23060652014000921285/ 12.12.2023 – 25680/- |
| 4 | 14.10.2023 | പുത്തൻകാവ് ക്ഷേത്രം ഓഡിറ്റോറിയം | വൌച്ചർ നം. 65/23-24-2000/- | 23060652014000921285/ 12.12.2023 – 25680/- |
| 5 | 16.7.2023 | SCSHSSവളമംഗലം | വൌച്ചർ നം. 26/23-24-2000/- | ബിൽ നം. 23060652014000418988/ 09.8.2023 -89540/- |
| 6 | 16.7.2023 | പുത്തൻകാവ് ക്ഷേത്രം ഓഡിറ്റോറിയം | വൌച്ചർ നം. 27/ 23-24--2000/- | |
| 7 | 23.7.2023 | എസ്.സി.ടി ഓഡിറ്റോറിയം | വൌച്ചർ നം. 28/ 23-24-2000/- | |
| 8 | 23.7.2023 | SC ഓഡിറ്റോറിയം | വൌച്ചർ നം. 29/ 23-24-2000/- | |
| 9 | 30.7.2023 | പുത്തൻകാവ് ക്ഷേത്രം ഓഡിറ്റോറിയം | വൌച്ചർ നം. 31/ 23-24-2000/- | |
| 10 | 30.7.2023 | SCSHSSവളമംഗലം | വൌച്ചർ നം. 30/ 23-24-2000/ | |

പ്രതിദിനം 2000/- രൂപ എന്ന ക്വട്ടേഷൻ അംഗീകരിച്ചതിനു ശേഷം ഒരേ ദിവസം വിവിധ സ്ഥലങ്ങളിൽ നടത്തുന്ന ഓരോ പരിപാടിക്കും 2000/- രൂപ വീതം നല്കിയത് ക്രമപ്രകാരമല്ല. ആയതിനാൽ ഒരേ ദിവസത്തെ ഒന്നിലധികം വൗച്ചറുകൾ പ്രകാരമുള്ള (5x2000) =10000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

4)ബിൽ ക്രമ നം.(3) പ്രകാരം 71786/- രൂപ മാറിയിരിക്കുന്നതിൽ 48500/-രൂപ നല്കിയിരിക്കുന്നത് കൊച്ചിൻ ഗ്രാഫിക്സ് എന്ന സ്ഥാപനത്തിനാണ്. സ്ഥാപനത്തിന്റെ 14.3.2024 ഇൻവോയിസ് പ്രകാരം ഇതൾ സ്മരണിക എന്ന പേരിൽ ജി.എസ്.ടി ഉൾപ്പെടെ 48.5 രൂപ പ്രകാരം 1000 കോപ്പി ബുക്ക് ലെറ്റുകൾ അച്ചടിച്ചു നല്കിയിട്ടുണ്ട്.

പദ്ധതി പ്രകാരം നീതിലാബ് തൈക്കാട്ടുശ്ശേരി മെഡിക്കൽ ചെക്കപ്പ് നടത്തിയതിന് SCB275 ന് തുക നല്കിയതിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇൻവോയിസ് നം./തീയതി | ടെസ്റ്റ് നടത്തിയ വരുടെ എണ്ണം | നല്കിയ തുക | ബിൽ നം./തീയതി |
|---|---|---|---|---|
| 1 | 16.7.2023 | 72 | @535=38250<br>Dis-2520<br>Netamout-36000 | ബിൽ നം. 23060652014000418988/ 09.8.2023 -89540/- |
| 2 | 23.7.2023 | 61 | @535=32635<br>Dis -2135<br>Net Amount-30500 | ബിൽ നം. 23060652014000418988 /09.8.2023 -89540/- |
| 3 | 9.7.2023 | 59 | @500=29500 | 23060652014000333652/ 20.7.2023-50080/- |

| | | | | |
|---|---|---|---|---|
| 4 | 17.2.2024 | 60 | @680=40800 | 23060652014000126983 8/ 24.2.2024-43200/- |
| 5 | 24.2.2024 | 65 | @680=44200 | ബിൽ നം. 23060652014000131409 6 /24.2.2024- 46600/- |
| ആകെ | | 317 | | |

ഇതു പ്രകാരം മെഡിക്കൽ ചെക്കപ്പിന് വിധേയരായ ഗുണഭോക്താക്കളുടെ എണ്ണം 317 ആണ്. ആകെ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കളുടെ എണ്ണം വ്യക്തമാക്കുന്ന രജിസ്റ്റർ ലഭ്യമല്ല. നാല് സബ്സെന്ററുകളിലായി നടന്ന പരിശീലന/ബോധവത്ക്കരണ ക്ലാസുകളിലും ശരാശരി 40 പേർ വീതം പങ്കെടുത്തതിന്റെ ഹാജർ വിവരങ്ങളാണ് ലഭ്യമായത്. 16.3.24 ന് തുറവൂർ എസ്.സി.ടി ഹാളിൽ വച്ച് നടന്ന ശില്പശാലയിൽ ആകെ 164 പേരുടെ ഹാജർ വിവരങ്ങളാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിനുശേഷം സബ്സെന്ററുകളിൽ മറ്റ് പരിശീലന പരിപാടികൾ നടത്തിയിട്ടില്ല. ഇതൾ സ്മരണികയെന്ന പേരിൽ 24.2.2024ലെ 98/2023 നമ്പർ ക്വട്ടേഷൻ നോട്ടീസ് പ്രകാരം 14.3.2024 ൽ 1000 എണ്ണം ബുക്ക് ലെറ്റുകൾ അച്ചടിച്ചത് പദ്ധതി ഗുണഭോക്താക്കളുടെ ഇരട്ടിയിലധികമാണ്. സ്മരണിക സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും വിതരണം നടത്തിയതിന്റെ രേഖകൾ ലഭ്യമല്ല. 16.3.2024 ൽ നടന്ന ശില്പശാലയിൽ വിതരണം ചെയ്തതിനുശേഷം ബാക്കിയുള്ളവ വിതരണം ചെയ്തോ എന്നതിന് വ്യക്തതയില്ല. ആവശ്യകത നിർണ്ണയിക്കാതെ സ്മരണികകൾ അച്ചടിച്ചതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.25/13.11.2024) നല്കിയെങ്കിലും മറുപടി ലഭ്യമായില്ല. മേൽ ചെലവ് വികസനഫണ്ടിന്റെ കടുത്ത ധനദുർവിനിയോഗമായി കണക്കാക്കുന്നു.

മേൽ ചെലവുകളിൽ (13600+4080)=17680/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. ഈ തുക നിർവഹണോദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) യുടെ ബാധ്യതയായിരിക്കുന്നതാണ്.

## 3-2 സാമൂഹ്യ സുരക്ഷ പെൻഷൻ - മരണപ്പെട്ടശേഷവും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകുന്നു

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ SFCB1/71/2017 പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ചു നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ചു നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ തുറവൂർ ഗ്രാമ പഞ്ചായത്തിലെ 2023-24 കാലയളവിലെ സാമൂഹ്യ സുരക്ഷാ പെൻഷന്റെ ആക്ടീവ് പെൻഷണേഴ്സ് പട്ടികയും മരണ രജിസ്ട്രേഷൻ റിപ്പോർട്ടും തമ്മിൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(1) ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ നൽകിയതുമായി ബന്ധപ്പെട്ട പരിശോധനയിൽ മരണപ്പെട്ട പെൻഷണറുടെ അക്കൗണ്ട് സേവനയിൽ സസ്പെന്റ് ചെയ്തിട്ടില്ല. നിലവിൽ അക്കൗണ്ട് സ്റ്റാറ്റസ് ആക്ടീവായിട്ടാണ് കാണുന്നുത്. സസ്പെന്റ് ചെയ്യാത്ത അക്കൗണ്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ | ഗുണഭോക്താവിന്റെ | പെൻഷൻ | മരിച്ച | മരണം |
|---|---|---|---|---|

| നമ്പർ | പേര് | ഐ.ഡി. | തീയതി | രജിസ്റ്റർ ചെയ്ത തീയതി |
|---|---|---|---|---|
| 1 | സന്താനവസ്ത്യൻ | 104340201200 | 08/09/2024 | 30/09/2024 |
| 2 | ജോസഫ് | 104340202194 | 22/05/2023 | 04/11/2023 |
| 3 | സുമ മണിയൻ | 104340202548 | 26/07/2024 | 27/08/2024 |
| 4 | സദാനന്ദൻ | 104340202701 | 08/09/2024 | 23/10/2024 |
| 5 | സുരേന്ദ്രൻ | 104340203267 | 11/12/2023 | 08/01/2024 |

(2) മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യാതെ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | മരണം രജിസ്റ്റർ ചെയ്ത തീയതി | അനർഹമായ കാല യളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|---|
| 1 | സുരേന്ദ്രൻ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 104340203267 | 11/12/2023 | 08/01/2024 | ജനുവരി 2024 മുതൽ മാർച്ച് 2024 വരെ (3 മാസം) | 4800 (1600x3) |
| 2 | ജോസഫ് | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 104340202194 | 22/05/2023 | 04/11/2023 | ജൂൺ 2023 മുതൽ മെയ് 2024 വരെ (12 മാസം) | 19200 (1600x12) |
| ആകെ | | | | | | | 24000 |

മേൽ അപാകതയുടെ കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (19/11.11.24) മറുപടി ലഭ്യമാക്കിയില്ല. മുകളിൽ സൂചിപ്പിച്ചിരിക്കുന്നവരുടെ അനർഹമായ കാലയളവിലേക്ക് നൽകിയ പെൻഷൻ തുകയായ 24000/-രൂപ അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം ആയത് സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

## 3-3 ലാബിലേക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങിയതിന് ജി.എസ്.ടി സോഴ്സ് ഡിഡക്ഷൻ നടത്തിയില്ല

1)പ്രോജക്ടിന്റെ പേര് – ആരോഗ്യ സ്ഥാപനങ്ങൾ ലാബ് സൌകര്യങ്ങൾ ഏർപ്പെടുത്തൽ (S0223/24)

അടങ്കൽ -975000/-(ഹെൽത്ത് ഗ്രാന്റ്)

ചെലവ് –974869/-

1) വൌച്ചർ നം. -BP2023-24 Dt 13.3.2024-448999/-

നിർവ്വഹണം – മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)
മേൽ ബിൽ പ്രകാരം ലാബിലേക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങിയതിന് ട്രാൻസാനിയ ബയോ മെഡിക്കൽസ് ലിമിറ്റഡ്, ബാംഗ്ലൂർ എന്ന സ്ഥാപനത്തിൽ നിന്നും 18% ജിഎസ്ടി ഉൾപ്പെടെ 448999/-രൂപയുടെ വാങ്ങൽ നടത്തിയിട്ടുണ്ട്.

| ഇനം | സ്ഥാപനം/ഇൻവോയ്സ് നം./തീയതി | ആകെനൽകിയ തുക | ജി എസ് റ്റി ഒഴികെയുള്ള ബിൽ തുക | ഉറവിടത്തിൽ നിന്നും കുറവ് ചെയ്യേണ്ട ജി.എസ്.റ്റി(2%)TDS |
|---|---|---|---|---|
| | ട്രാൻസാനിയ ബയോ മെഡിക്കൽസ് ലിമിറ്റഡ്, ബാംഗ്ലൂർ | 448999/-/- | 368179 | 7364/- |

കേന്ദ്ര ചരക്കു സേവന നികുതി നിയമം 2017 (2017-ലെ 12-ാം നിയമം), കേരള ചരക്കു സേവന നികുതി നിയമം 2017 (2017-ലെ 20-ാം നിയമം) എന്നീ നിയമങ്ങളിലെ സെക്ഷൻ 51 അനുസരിച്ച് ഒരു കരാറിൻ പ്രകാരം രണ്ടര ലക്ഷം രൂപയിൽ കവിയുന്ന നികുതി വിധേയമായ സാധനങ്ങളുടെയൊ സേവനങ്ങളുടെയൊ വാങ്ങലുകൾ നടത്തിയതിന്റെ പേയ്മെന്റ് നടത്തുമ്പോൾ ടി തുകയിൽ നിന്നും 2% നികുതി (സി.ജി.എസ്.റ്റി-1%, എസ്.ജി.എസ്.റ്റി- 1%) ഉറവിടത്തിൽ നിന്നും കുറവ് ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ജി എസ് റ്റി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (2/6.11.24) മറുപടി ലഭ്യമാക്കിയില്ല. 7364/- രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**3-4 സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ - ഒരേ ഇനം പ്രവൃത്തിയ്ക്കുള്ള ബോർഡിന് വ്യത്യസ്ത നിരക്കിൽ തുക അനുവദിച്ചതു മൂലം അധിക ചെലവ്.**

ഗ്രാമ പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡിനുള്ള തുക നൽകിയിട്ടുള്ളത് പ്രസ്തുത പ്രവൃത്തികൾക്കാവശ്യമായ മെറ്റീരിയൽസ് സപ്ലൈ ചെയ്തിട്ടുള്ള കരാറുകാർക്കാണ്. എന്നാൽ ഇത്തരത്തിൽ ബോർഡ് സപ്ലൈ ചെയ്യുന്നതിനായി ഇവരിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുകയോ, കരാറിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ല. ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ ഒരേ കാലയളവിൽ നടപ്പാക്കിയ ഒരേയിനം പ്രവൃത്തികളിൽ സ്ഥാപിച്ചിട്ടുള്ള ബോർഡുകൾക്ക് വ്യത്യസ്ത നിരക്കിൽ തുക നൽകിയിട്ടുള്ളതായി കാണുന്നു. ഉദാഹരണമായി, 2022-23 ൽ നടപ്പാക്കിയിട്ടുള്ള പുത്തൻകാവ് പുതുപറമ്പ് ഫുട്പാത്ത് നിർമ്മാണം (RC/339163), പത്മശാലി നടപ്പാത (RC/349010), കൃഷ്ണഗിരി മണക്കൽചിറ റോഡ് (RC/349008) എന്നീ പ്രവൃത്തികളിൽ സ്ഥാപിച്ചിട്ടുള്ള ബോർഡിന് 3000/- രൂപ നിരക്കിലാണ് തുക നൽകിയിട്ടുള്ളത്. എന്നാൽ ഇതേ കാലയളവിൽ നടപ്പാക്കിയിട്ടുള്ള താഴെ പറയുന്ന പ്രവൃത്തികളിൽ ബോർഡിന് 5000/- രൂപ നിരക്കിലാണ് തുക അനുവദിച്ചിട്ടുള്ളത്.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം / ബിൽ നമ്പർ/തീയതി | കരാറുകാരൻ | ബോർഡിന് നൽകിയ തുക | നൽകാവുന്ന തുക | അധികം നൽകിയത് |
|---|---|---|---|---|---|
| 1 | മാനയിൽ കുമ്മംപള്ളി നടപ്പാത (RC/345626) 345626/ 10.5.23 | ദയാനന്ദ ബാബു | 5000 | 3000 | 2000 |

| | | | | | |
|---|---|---|---|---|---|
| 2 | പുന്നയ്ക്കൽ പനയിടം റോഡ് ഗ്രാവലിംഗ് - (RC/339157) 339157/ 10.11.23 | ദയാനന്ദ ബാബു | 5000 | 3000 | 2000 |
| 3 | വലിയകളം പത്തിൽചിറ നടപ്പാത നിർമ്മാണം (RC /339160) 16205/ 7.10.23 | ശശികുമാർ. കെ.കെ | 5000 | 3000 | 2000 |
| 4 | കരളം നടപ്പാത നിർമ്മാണം. (RC/339155) 339155/3.10.23 | ദയാനന്ദ ബാബു | 5000 | 3000 | 2000 |
| | ആകെ | | | | 8000 |

ക്രമ വിരുദ്ധമായി കൂടിയ നിരക്കിൽ ബോർഡ് വാങ്ങിയിട്ടുള്ളത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനും, കരാറുകാർക്ക് അധികമായി നൽകിയ 8000/- രൂപ തിരികെ ഈടാക്കി വിവരം അറിയിക്കുവാനുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 22/12.11.24) ലഭ്യമാക്കിയ മറുപടിയിൽ വലിയ ബോർഡിന് 5000/-, ചെറിയ ബോർഡിന് 3000/- രൂപ എന്ന നിരക്കിലാണ് തുക നൽകിയതെന്നും, വലിയ ബോർഡ് ഇല്ലാത്ത സാഹചര്യത്തിലാണ് ചെറിയ ബോർഡ് വെച്ചിട്ടുള്ളതെന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ബോർഡ് നൽകുന്നതിനായി പ്രസ്തുത കരാറുകാരുമായി ടെണ്ടർ നടപടികൾ സ്വീകരിക്കുകയോ, കരാറിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ല. ഏത് തരം ബോർഡ് സ്ഥാപിക്കണം എന്നുള്ള നിർദ്ദേശവും നൽകിയിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ ടി മറുപടി അംഗീകരിക്കാവുന്നതല്ല. കരാറുകാർക്ക് അധികമായി നൽകിയ 8000/- രൂപ ഉത്തരവാദിയായ അക്രെഡിറ്റഡ് അസിസ്റ്റന്റ് എഞ്ചിനീയർ, സെക്രട്ടറി എന്നിവരിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**3-5 സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ -നികുതികൾ ഈടാക്കിയിട്ടില്ല.**

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ ചെയ്ത പ്രവൃത്തികളിൽ കോൺക്രീറ്റിലുള്ള സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് പ്രവർത്തി സ്ഥലങ്ങളിൽ സ്ഥാപിച്ചു നൽകുന്നതിന് ഓഡിറ്റ് വർഷം കരാർ ഏറ്റെടുത്തിട്ടുള്ളത് ലക്ഷ്മി കുടുംബശ്രീ യൂണിറ്റാണ്. ഓഡിറ്റ് വർഷം 659800/-രൂപയാണ് ടി ഇനത്തിൽ പ്രസ്തുത യൂണിറ്റിന് നൽകിയിട്ടുള്ളത്. എന്നാൽ വിവിധ ബില്ലുകൾ പ്രകാരം കരാറുകാരന് തുക അനുവദിച്ചപ്പോൾ ബില്ലിൽ നിന്നും നിയമ പ്രകാരം ഈടാക്കേണ്ട ജി.എസ്.ടി, ആദായ നികുതി എന്നിവ ഈടാക്കിട്ടില്ലാത്തതായി കാണുന്നു. 1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30,000/- രൂപയ്ക്കു മേലുള്ള കരാർ പ്രവർത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. കൂടാതെ 250000/-രൂപയ്ക്ക് മുകളിലുള്ള കരാർ പ്രവൃത്തികളിൽ

നിന്നും 2% നിരക്കിൽ ജി.എസ്.ടി, ടി.ഡി.എസായി ഈടാക്കേണ്ടതാണ്. ഇതനുസരിച്ച് പ്രസ്തുത യൂണിറ്റിൽ നിന്നും ആദായ നികുതി, ജി.എസ്.ടി ഇനങ്ങളിൽ 13196/- രൂപ വീതം ഈടാക്കേണ്ടതായിരുന്നു. എന്നാൽ ഇത്തരത്തിൽ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.29/13.11.24) ലഭ്യമാക്കിയ മറുപടിയിൽ തുക തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ക്രമ വിരുദ്ധമായി നൽകിയ തുക ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

**3-6 സ്രോതസ്സിൽ നിന്നും ജി.എസ്.ടി കുറവ് ചെയ്തില്ല**

പ്രോജക്ടിന്റെ പേര് - മത്സ്യത്തൊഴിലാളികൾക്ക് പി.വി.സി വാട്ടർടാങ്ക്.

പ്രോജക്റ്റ് നം – S0116//24

അടങ്കൽ - 300000/-(ധനകാര്യകമ്മീഷൻ ഗ്രാന്റ് )

ഗുണഭോക്തൃ വിഹിതം -100000/-

ചെലവ് - 399000/-

ധനകാര്യകമ്മീഷൻ ഗ്രാന്റ് )-299250/-

1)XVFC/2023-24/P/15/06.03.2024-270000/-

2)XVFC/2023-24/P/20/11.03.2024-29250/-

3)ഗുണഭോക്തൃ വിഹിതം -99750/-(ചെക്ക് നം 890270/7.3.2024)

ഫിഷറീസ് സബ് ഇൻസ്പെക്ടർ നടപ്പിലാക്കിയ മേൽ പ്രോജക്ടിലുൾപ്പെടുത്തി 152 മത്സ്യത്തൊഴിലാളികൾക്ക് 18% ജി.എസ്.ടി ഉൾപ്പെടെ 2625/-രൂപ വിലവരുന്ന പി.വി.സി വാട്ടർടാങ്ക് മുബൈ ട്രേഡേഴ്സ്, തൃപ്പൂണിത്തുറ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 299250/- രൂപ നല്കിയിട്ടുണ്ടെങ്കിലും ഉറവിടത്തിൽ നിന്നും ജി.എസ്.റ്റി.യുടെ TDS കുറവ് ചെയ്തിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | സ്ഥാപനം/ഇൻവോയ്സ് നം./തീയതി | ആകെനൽകിയ തുക | ജി എസ് റ്റി ഒഴികെയുള്ള ബിൽ തുക | ഉറവിടത്തിൽ നിന്നും കുറവ് ചെയ്യേണ്ട ജി.എസ്.റ്റി(2%)TDS |
|---|---|---|---|---|
| | മുംബൈ ട്രേഡേഴ്സ് ,തൃപ്പൂണിത്തുറ | 399000/- | 327180/- | 6544/- |

കേന്ദ്ര ചരക്കു സേവന നികുതി നിയമം 2017 (2017-ലെ 12-ാം നിയമം), കേരള ചരക്കു സേവന നികുതി നിയമം 2017 (2017-ലെ 20-ാം നിയമം) എന്നീ നിയമങ്ങളിലെ സെക്ഷൻ 51 അനുസരിച്ച് ഒരു കരാറിൻ പ്രകാരം രണ്ടര ലക്ഷം രൂപയിൽ കവിയുന്ന നികുതി വിധേയമായ സാധനങ്ങളുടെയൊ സേവനങ്ങളുടെയൊ വാങ്ങലുകൾ നടത്തിയതിന്റെ പേയ്മെന്റ് നടത്തുമ്പോൾ ടി തുകയിൽ നിന്നും 2% നികുതി (സി.ജി.എസ്.റ്റി-1%, എസ്.ജി.എസ്.റ്റി- 1%)TDS ഇനത്തിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്യണമെന്ന് പറഞ്ഞിരിക്കുന്നു. ജി എസ് റ്റി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറി (20/12.11.24) നൽകിയതിന് പഞ്ചായത്തിന് വാട്ടർടാങ്ക് നൽകിയ വകയിൽ കൈപ്പറ്റിയ തുകയുടെ TDS,GST ഒടുക്കിയതിന്റെ മുഴുവൻ രേഖകളും അടിയന്തിരമായി നല്കാമെന്ന് കമ്പനി അറിയിച്ചതായി മറുപടി നല്കിയിട്ടുണ്ട്. സോഴ്സ് ഡിഡക്ഷൻ നടത്താതിരുന്നതിനാൽ 6544/-രൂപ നിർവഹണോദ്യോഗസ്ഥന്റെ ബാധ്യതയായി നിർണ്ണയിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക: മുന്നിരിപ്പ് ഉൾപ്പെടെ | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 200000 | സാന്ത്വന പരിചരണം | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 393000 | ലൈഫ് ഭവന പദ്ധതി(ജനറൽ) | 393000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 1240000 | ലൈഫ് ഭവന പദ്ധതി(എസ്.സി.പി) | 1240000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 200000 | അംഗൻവാടി അനുപൂരക പോഷകാഹാര വിതരണം | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 400000 | ശാരീരിക മാനസിക വെല്ലുവിളി സ്കോളർഷിപ്പ് | 400000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 50000 | അതിദാരിദ്ര്യം | 50000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 100000 | അഗതി ആശ്രയഭക്ഷ്യധാന്യം | 100000 | |
| ആകെ | | 2583000 | | 2583000 | |
| ജില്ലാ പഞ്ചായത്ത് | 2023-24 | 249776 | അംഗൻവാടി അനുപൂരക പോഷകാഹാരം | 249776 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 60000 | ശാരീരിക മാനസിക വെല്ലുവിളി സ്കോളർഷിപ്പ് | 60000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 200000 | അഗതി ആശ്രയ | 200000 | 0 |
| ആകെ | | 509776 | | 509776 | |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 1.42301519 തീയതി. | 91742 | 0 | 91742 |

**4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ**

ഇല്ല

**4-4 വായ്പ/വായ്പാതിരിച്ചടവ്**

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 9640000 രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ലൈഫ് | | 9640000 | 28789921 | 3596079 | 34833842 |

**4-5 സ്ഥിര നിക്ഷേപം**

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 618407 |
| തൻവർഷം നിക്ഷേപിച്ച തുക | 42966 |
| ആകെ | 661373 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 661373 |

**4-6 ഓഡിറ്റ് റിക്കവറി**

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ, തിയ്യതി |
|---|---|---|---|---|
| 2022-23 | ഓഡിറ്റ് എൻക്വയറി നം. 29 | 986 | അസിസ്റ്റന്റ് എഞ്ചിനീയർ, | 1230101316/ 7.11.2023 |
| 2022-23 | | 598 | അസിസ്റ്റന്റ് എഞ്ചിനീയർ, | 1230102203 /27.2.2024 |
| 2022-23 | | 120 | അസിസ്റ്റന്റ് എഞ്ചിനീയർ, | 1230102204 /27.2.2024 |
| 2022-23 | | 1704 | | |

**4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്**

പരാമർശം ഇല്ല

**4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം**

ഇല്ല

**4-9 ഓഡിറ്റ് പ്രത്യവലോകനം**

**എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | : | 58410784 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 46441475 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 650/- |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 89980/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 715198/- |

(ബി). **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 650 | | ശ്രീമതി.സുജാത.കെ.സെക്രട്ടറി |
| 3-1 | - | 17680 | ഡോ.രഞ്ജിത് മോനായ്. സി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| ആകെ | 650 | 17680 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 91742 | സുജാത.കെ, സെക്രട്ടറി |
| 1-20 | 55996 | സുജാത.കെ, സെക്രട്ടറി |
| 1-23 | 137460 | ഡോ.രഞ്ജിത് .സി. മോനായി , മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-17(3-1) | 10000 | ഡോ.രഞ്ജിത് .സി. മോനായി , മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-24 | 420000 | വിൻസ്റ്റൺ ഡിസൂസ ,അസി.സെക്രട്ടറി |
| ആകെ | 715198 | |

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | ഇന വിവരം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-2 | പെൻഷൻ | 24000 | ശ്രീമതി.സുജാത.കെ, സെക്രട്ടറി |
| 3-3 | ജി.എസ്.ടി | 7364 | രഞ്ജിത്ത് .സി.മോനായി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-4 | തൊഴിലുറപ്പ് | 8000 | ശ്രീമതി.സുജാത.കെ, സെക്രട്ടറി ഐശ്വര്യ.ജെ, MGNREGSഅക്രഡിറ്റഡ് എൻജിനീയർ |
| 3-5 | ആദായ നികുതി | 13196 | ശ്രീമതി.സുജാത.കെ, സെക്രട്ടറി ഐശ്വര്യ.ജെ, MGNREGSഅക്രഡിറ്റഡ് എൻജിനീയർ |
| | ജി.എസ്.ടി | 13196 | |
| 3-6 | ജി.എസ്.ടി | 6544 | ശ്രീ.സൈറസ്.പി.എസ്, ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| ആകെ | | 72300 | |

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും, ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| ഡോ. രഞ്ജിത്ത് മോനായി.സി, മെഡിക്കൽ ഓഫീസർ, PHC | മെഡിക്കൽ ഓഫീസർ, PHC, തുറവൂർ | കാർത്തിക, തുറവൂർ പി.ഒ, ചേർത്തല |
| ശ്രീമതി.സുജാത.കെ, സെക്രട്ടറി | സെക്രട്ടറി, തുറവൂർ ഗ്രാമ പഞ്ചായത്ത് | സുജ നിവാസ് , സനാതനപുരം പി.ഒ, ആലപ്പുഴ |
| സൈറസ്.പി.എസ് ഫിഷറീസ് ഇൻസ്പെക്ടർ | ഫിഷറീസ് ഇൻസ്പെക്ടർ, തുറവൂർ ഗ്രാമ പഞ്ചായത്ത് | പുത്തൻപുരയ്കക്ൽ, പൊള്ളെത്തെ,ആലപ്പുഴ |
| വിൻസ്റ്റൺ ഡിസൂസ,. അസി.സെക്രട്ടറി | അസി.സെക്രട്ടറി, തുറവൂർ ഗ്രാമ പഞ്ചായത്ത് | റോസ് ഗാർഡൻ, മരുത്തോർവട്ടം .പി.ഒ, ചേർത്തല |
| ഐശ്വര്യ.ജെ, MGNREGSഅക്രഡിറ്റഡ് എൻജിനീയർ | MGNREGS അക്രഡിറ്റഡ് എൻജിനീയർ, തുറവൂർ ഗ്രാമ പഞ്ചായത്ത് | വാറുകാട്ട് ഹൗസ്,കുറുപ്പംകുളങ്ങര.പി.ഒ ചേർത്തല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 മുതൽ 2004-05 വരെ | എൽ.എഫ്.ജി.എ 5-1832/11 തീയതി, 17-01-12 |
| 2005-06 മുതൽ 2009-10 വരെ | എൽ.എഫ്.ജി.എ5-1577/13 തീയതി, 05-05-14 |
| 2010-11 & 2011-12 | എൽ.എഫ്.എ.പി2-123/121 തീയതി, 30-04-13 |
| 2012-13 | എൽ.എഫ്. എ പി 2-1038/14 തീയതി, 03-08-14/29-11-14 |
| 2013-14 & 2014-15 | കെ.എസ്.എ.എൽ.പി.പി 2-88/2016 തീയതി, 17-02-16 |
| 2015-16 | കെ.എസ്.എ.എൽ.പി.പി 2-1229/2022 തീയതി, 30.11.2022 |
| 2016-17 | കെ.എസ്.എ.എൽ.പി.പി 2-1229/2022 തീയതി, 30.11.2022 |
| 2017-18 | കെ.എസ്.എ.എൽ.പി.പി 2-1229/2022 തീയതി, 30.11.2022 |
| 2018-19 | കെ.എസ്.എ.എൽ.പി.പി 2-1229/2022 തീയതി, 30.11.2022 |
| 2019-20 | നം.കെ.എസ്.എ/എ.എൽ.പി/പി2-738/2020 തീയതി, 24.09.2021 |
| 2020-21 | നം.കെ.എസ്.എ/എ.എൽ.പി/പി2-732/2021 തീയതി, 24.09.2021 |
| 2021-22 | നം.കെ.എസ്.എ/എ.എൽ.പി/പി2-1067/2022 തീയതി, 30.09.2022 |
| 2022-23 | നം.കെ.എസ്.എ/എ.എൽ.പി/പി2-1340/2023 |

| | |
|---|---|
| | തീയതി, 20.12.2023 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 12-06-2024 and submitted on 03-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Thuravoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Thuravoor Grama Panchayat as on 31-03-2024

**Date: 30/12/2024** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Thuravoor Grama Panchayat for the Year 2023-2024.

### 1.Major Observations

1).Non Disclosure of Assets

The land on which the Panchayat office is situated does not included as an asset in Balance Sheet.

2).Non disclosure of liability.

Liability inrespect of water charge does not appear in the balance sheet.

### 2.Other Observations

**1) The mandatory financial statement such as ratios, notes on accounts are not submitted with AFS.**
**2) The Demand, Collection and Balance of Property Tax as per Annual Accounts does not match with the entries in D.C.B Statement from Sanjaya Software**
**3) The demand entries of property tax, professional tax etc are not recorded in the ledger at the beginning of the year and every month thereafter.**

Deputy Director

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്